## കണ്ണാടി ഹയർ സെക്കന്ററി സ്കൂൾ



# BEATS...

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION



# ഉള്ളടക്കം[1]

## Table of Contents

ലിറ്റിൽ കെയ്റ്റ് അംഗങ്ങൾ 2017-2019/എഡിറ്റോറിയൽ ബോർഡ്.......7
ഔദ്യോഗികവിവരങ്ങൾ.......11
കെട്ടിടങ്ങൾ.......12
മാനേജ്മെന്റ്.......15
2018 - 19.......30
ലിറ്റിൽ കൈറ്റ്.......47
എസ് എസ് എൽ സി വിദ്യാർത്ഥികളെ പ്രഭാതക്ലാസ്സ് സായാഹ്ന ക്ലാസ് രാത്രിപഠനക്ലാസ്സ് ,റിസൾട്ട് വർധിപ്പിക്കുന്നതിനുള്ള ആസൂത്രണ പദ്ധതി.......48
ക്ലബ് കൺവീനേഴ്സ് 2018.......49
കമ്പ്യൂട്ടർ ലാബുകൾ.......50
സ്കൂൾ ബസ്സ്.......50
ജൂനിയർ റെഡ്ക്രോസ്.......51
വിദ്യാരംഗം കലാ സാഹിത്യ വേദി.......51
ജനാധിപത്യ വേദി.......52
സബ്ജക്ട് കൗൺസിൽ.......52
എസ് പി സി ഉത്ഘാടനം.......53
എസ് പി സി ക്യാമ്പുകൾ.......55
ഡോഗ് സ്ക്വാഡ്.......55
തസ്റാക്കിലേക്കു ഖസാക്കിന്റെ ഇതിഹാസങ്ങളിലൂടെ.......55
ഔഷധത്തോട്ടം-ഔഷധത്തോട്ടത്തിനു പുരസ്ക്കാരം.......55
അന്താരാഷ്ട്ര യോഗ ദിനം.......56
റാലി.......57
തടയണ നിർമിക്കൽ.......58
പാസിംഗ് ഔട്ട് പരേഡ്.......59

1 സമയപരിമിധിമൂലം ഈ ഡിജിറ്റൽ മാഗസിനിൽ എല്ലാസ്കൂൾപ്റവർത്തനങ്ങളും ഉൾപ്പെടുത്താൻ കഴിയാത്തതിൽ ഖേദിക്കുന്നു.ഒരു തുടക്കമെന്ന നിലയിൽ ഉണ്ടായ കുറവ് സദയം ക്ഷ മിക്കണമെന്നു വിനീതമായി അഭ്യർത്ഥിക്കുന്നു

നന്മ..........60
പോലീസ് സ്റ്റേഷൻ സന്ദർശനം..........61
ട്രാഫിക് കൺട്രോൾ - എസ് പി സി യുടെ കുട്ടികരങ്ങളിലൂടെ..........61
സൗത്ത് സ്റ്റേഷൻ എസ് പി സി കേഡറ്റുകൾ സന്ദർശനം..........61
പ്ലാസ്റ്റിക് ഉപഭോഗം നിയന്ത്രിക്കൽ..........62
പ്ലാസ്റ്റിക് ബോട്ടിലിനു പകരം സ്റ്റീൽ ബോട്ടിൽ..........62
ഓഗസ്റ്റ് 15 / ജനുവരി 26 റിപ്പബ്ലിക്ക് ദിനാചരണം..........62
എസ് പി സി യുടെ പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങൾ..........62
മരണമെന്ന തോൽവി..........63
കൊന്നകൾ പൂവിട്ടു..........64
അഹിംസാദൂതൻ..........65
എന്റെ സ്വപ്നം..........66
പുലരി..........67
മറക്കരുതേ..........68
എന്റെ കേരളം..........69
കണ്ണുനീർ..........70
പ്രിയ കൂട്ടുകാരി..........71
ഒരു ദൈവ സന്ദേശം..........72
എന്റെ കലാലയം..........73
പ്രകാശശാസ്ത്രത്തിലെ പ്രതിഭകൾ..........75
ഹൃദയത്തിനു എവിടെ സുഖം തന്നെയല്ലേ..........77
തേനീച്ചകൊട്ടാരം..........78
അലൻ ട്യൂറിങ്..........79
മാനത്തെ ചന്ദ്രൻ..........80
വികസനം പഴകുമ്പോൾ..........81

കാലവും കോലവും ........................................................................................................83

ദൈവത്തിന്റെ ആഗ്രഹം ..................................................................................................84

മഹത്‌വ്യക്തികളും വചനങ്ങളും .......................................................................................85

അസ്തമയം ........................................................................................................................87

പവർ കുട്ടിന്റെ വെളിച്ചം ...................................................................................................88

ജീവിതം ..............................................................................................................................89

നിനക്കായ് ..........................................................................................................................90

നിലാവ് ...............................................................................................................................91

മഴയുടെ പേമാരി ..............................................................................................................92

ഓർമയിൽ സൂക്ഷിക്കാൻ ...................................................................................................93

നന്മ തൻ പഠനം .................................................................................................................94

പാഠ്യലയം ..........................................................................................................................95

ദാരിദ്ര്യവും ഇന്നത്തെ സമൂഹവും......................................................................................96

ഹൃദയരഹസ്യം ...................................................................................................................97

'അമ്മ .................................................................................................................................98

# ആമുഖം

ആധുനികതയുടെ സ്പന്ദനങ്ങൾ അലയടിക്കുന്ന സമ്പൂർണ ഹൈടെക് വിദ്യാലയമായ കണ്ണാടി ഹയർ സെക്കന്ററി സ്കൂളിലെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എജ്യുക്കേഷൻ (കൈറ്റ്) നടപ്പിലാക്കുന്ന ലിറ്റിൽ കൈറ്റ് ക്ളബിലെ അംഗങ്ങളുടെ ഉത്തരവാദിത്തത്തിൽ നിന്നും സൃഷ്ടിച്ച ആദ്യത്തെ ഇ മാഗസിൻ " BEATS"...........അനന്തതയുടെ വിഹായസിലേക്കു കുതിക്കുന്ന കുട്ടിപട്ടങ്ങളുടെ ആത്മവിശ്വാസത്തിന്റെ താളങ്ങൾ എല്ലാവരുടെയും ഹൃദയതാളങ്ങളുമായി ഇഴുകിചേരട്ടെ ................. ഓരോ താളിലെയും അക്ഷരങ്ങൾ ,വാക്കുകൾ ,വരികൾ ഇവ ഡിജിറ്റിലൈസ്ഡ് ആക്കുന്നതിന്റെ പരിശ്രമത്തിന്റെ വ്യാപ്തിയാണ് ഇതിലൂടെ മുന്നോട്ടുവെക്കുന്നത് . കൈറ്റിന്റെ നിയമാവലികൾ പാലിച്ചുകൊണ്ട് സൃഷ്ടിച്ച ഈ പതിപ്പ് ഹൃദയതാളമായി സമർപ്പിക്കുന്നു .

കണ്ണാടി ഹയർ സെക്കന്ററി സ്കൂൾ
ഫോൺ:04912-539598,2534811
kannadihighschool@gmail.com

# ലിറ്റിൽ കൈറ്റ്

ലിറ്റിൽ കൈറ്റ് പദ്ധതിയിൽ അംഗമായ വിദ്യാർത്ഥിക്ക് പരിശീലനകാലയളവിൽ ഒരുക്കുന്നത് വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ഒരുക്കുന്നത് . ,ഓരോ സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപെടുന്നതിനു അവസരം നൽകി,ഓരോ കുട്ടിക്കും തനിക്കു യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് വിവിധ വിഷയമേഖലയിലെ പ്രയോഗികപരിശീലനം പരിശീലനപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഗ്രാഫിക്സ്, അനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ് പിതോണ് പ്രോഗ്രാമിങ് മൊബൈൽ ആപ്പ് നിർമാണം റോബോട്ടിക് ,ഇലക്ട്രോണിക്സ് ,ഹാർഡ്‌വെയർ ,മലയാളം കമ്പ്യൂട്ടിങ് ഡെസ്ക്ടോപ്പ് പബ്ലിഷിംഗ്, ഇന്റർനെറ്റ് ,സൈബർ സുരക്ഷ എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ് തല പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് .കൂടാതെ മികവ് പുലർത്തുന്നവർക്ക് സബ്ജില്ല ,ജില്ല, സംസ്ഥാന തല ക്യാമ്പുകളിലായി കൂടുതലുയർന്ന പരിശീലനം ലഭിക്കുന്നതിനും പരിശീലന പദ്ധതി അവസരമൊരുക്കുന്നു


















## ലിറ്റിൽ കൈറ്റ് അംഗങ്ങൾ 2017–2019/**എഡിറ്റോറിയൽ ബോർഡ്**

| സീരിയൽ നമ്പർ | ലിറ്റിൽ കൈറ്റ് അംഗങ്ങൾ | ഫോട്ടോ |
|---|---|---|
| 1 | വിൻഷ |  |
| 2 | ശ്വേത സുരേഷ് |  |
| 3 | സുജിത.എം |  |
| 4 | ശുഭശ്രീ |  |
| 5 | സ്നേഹ.ജെ |  |
| 6 | ഷിജാസ്.എസ് |  |
| 7 | ഷഹാന ഷിറിൻ .സി |  |
| 8 | ശരത്.എസ് |  |
| 9 | സഞ്ജീവ്.എസ് |  |
| 10 | സഹർഷ് .എസ് |  |
| 11 | രുദ്ര.എ |  |
| 12 | റോസിൻ തോമസ്.ആർ |  |

| | | |
|---|---|---|
| 13 | റംസീന.ജെ |  |
| 14 | രാഗേഷ്.എസ് |  |
| 15 | ദൃശ്യ.എം |  |
| 16 | അഖിൽ.കെ.എം |  |
| 17 | അക്ഷര.എം |  |
| 18 | അമൽരാജ് .ആർ |  |
| 19 | അനന്യ.എം |  |
| 20 | അനുശ്രീ.എൻ |  |
| 21 | ആർച്ച .കെ |  |
| 22 | അർജുൻകേശവ്.എം |  |
| 23 | അസ്വിനി .ആർ |  |
| 24 | ആതിര.ആർ |  |
| 25 | അതുൽകൃഷ്ണ.എസ് |  |
| 26 | അതുല്യ.സി |  |

| | | |
|---|---|---|
| 27 | ജനനി .ജെ |  |
| 28 | ഗംഗ.ജി |  |
| 29 | ജിഷ്ണു.ആർ |  |
| 30 | ജിതിൻകൃഷ്ണ.ജെ |  |
| 31 | മിഥുന.ജെ |  |
| 32 | മുഹമ്മദ് ഹനീഫ.എസ് |  |
| 33 | നഹാസ്.വി |  |
| 34 | നന്ദഗോപൻ.എസ് |  |
| 35 | നസീമ.എം |  |
| 36 | നിഖിൽദാസ്.ഡി |  |
| 37 | പ്രഗല്ഭ്.എം |  |
| 38 | പ്രജിത.പി |  |
| 39 | പ്രസീത.പി |  |
| 40 | ആദർശ്.ആർ |  |

# ചരിത്രം

പാലമരങ്ങളുടെ നാടായ പാലക്കാട്ടിലെ ഒരു കൊച്ചു ഗ്രാമമായ കണ്ണാടിയിൽ നിളയുടെ കൈവഴിയായ കണ്ണാടിപ്പുഴയുടെ തീരത്തു സ്ഥിതി ചെയ്യുന്ന കണ്ണാടിഗ്രാമപഞ്ചായത്തിന്റെ അഭിമാനസ്തംഭമായ സരസ്വതീക്ഷേത്രം കണ്ണാടി ഹൈസ്കൂൾ 14 .07 .1982 ൽ സ്ഥാപിതമായി. അന്നത്തെ ഡി.ഇ.ഓ. സി.വൈ കല്യാണിക്കുട്ടി അമ്മയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് ഡെപ്യൂട്ടി ഡയറക്ടർ വി.ഉണ്ണികൃഷ്ണവാരിയർ ഉദ്ഘടനം നിർവഹിച്ചു 1983 –84 വർഷത്തിൽ 9 ഉം 1984 –85 വർഷത്തിൽ 10 തും ക്ലാസുകൾ നിലവിൽ വന്നു .പിന്നീട് 1997 ൽ ഹയർ സെക്കന്ററി വിദ്യാലയമായി പരിണമിച്ചു .ആധുനികതയുടെ മുഖമുദ്രയായ ഹൈടെക് സൗകര്യങ്ങൾ കണ്ണാടി ഹയർ സെക്കന്ററി സ്‌കൂളിൽ എല്ലാ മുറികളിലും വിന്യസിച്ചിരിക്കുന്നു മാനേജ്മെന്റിനോടൊപ്പം കെയ്റ്റിന്റെ സഹകരണം ഈ സ്‌കൂളിന്റെ എല്ലാ മുറികളിലും ലാപ്ടോപ്പ്, പ്രൊജക്ടർ ,സ്ക്രീൻ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കി .മാനേജ്മെന്റിന്റെ പരിശ്രമത്തിന്റെ ഫലമായി ജില്ലയിലെ ആദ്യത്തെ ഹൈടെക് വിദ്യാലയമായി ഉയർന്നു. പാലക്കാട് തൃശ്ശൂർ ദേശീയപാതയ്ക്ക് സമീപമാണ്. കണ്ണാടി പുഴയുടെ മനോഹാരിത സ്‌കൂളിൽ കാണാം. കണ്ണാടി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സ്‌കൂളിൽ ഹൈസ്‌കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളിലായി ആയിരത്തി അഞ്ഞൂറോളം കുട്ടികൾ പഠിക്കുന്നു. നല്ല കളി സ്ഥലങ്ങൾ, പഠനാന്തരീക്ഷം, മികച്ച സയൻസ് ലാബ്,ഗണിത ലാബ്,ഐടി ലാബ്,എന്നിവ സ്‌കൂളിന്റെ പ്രൗഢി കൂട്ടുന്നു.പഠനപാഠ്യതരപ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളെ സ്വയം പര്യപ്തതയോടെ ജീവിത നൈപുണികൾ കൈവരിക്കാൻ പ്രാപ്തരാക്കുന്ന പ്രഗല്ഭരായ അധ്യാപകരുടെ സേവനം കണ്ണാടി ഹൈസ്‌കൂളിന്റെ പ്രത്യേകതയാണ് .പാലക്കാടിന്റെ അഭിമാനസ്തംഭമായ ടിപ്പുസുൽത്താന്റെ കോട്ടയുടെ തലയെടുപ്പും കണ്ണാടി ഹയർ സെക്കന്ററി സ്‌കൂളിൽ ദൃശ്യമാണ്

# ഔദ്യോഗികവിവരങ്ങൾ

ഹയർസെക്കണ്ടറി ,ഹൈസ്കൂൾ വിഭാഗങ്ങളിലായി 1500 വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നുണ്ട്. ഹയർസെക്കണ്ടറി ,ഹൈസ്കൂൾ ഉൾപ്പെടെ 70 അദ്ധ്യാപകരും (ഹൈസ്കൂൾ – 35, ഹയർസെക്കണ്ടറി എയ്ഡഡ് – 35, ) 7 അനദ്ധ്യാപരും ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു. ഹൈസ്കൂൾ വിഭാഗങ്ങളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും മലയാളം മീഡിയം ക്ലാസ്സുകളും ഉണ്ട്. ഹയർസെക്കണ്ടറി വിഭാഗത്തിൽ വ്യത്യസ്ഥ കോമ്പിനേഷനിലായി 2 കംപ്യൂട്ടർ സയൻസ് ബാച്ചും 2 സയൻസ് ബാച്ചും 1 കൊമേഴ്സ് ബാച്ചും 1 ഹ്യുമാനിറ്റീസ് ബാച്ചും ഉണ്ട്. കംപ്യൂട്ടർ അപ്ലിക്കേഷൻ, കൊമേഴ്സ് വിത്ത് പൊളിറ്റിക്കൽ സയൻസ്, എന്നീ കോമ്പിനേഷനുകളാണുള്ളത്. എട്ടു മുതൽ പത്തുവരെ ക്ലാസുകൾക്ക് 3 കെട്ടിടങ്ങളിലായി 24 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് രണ്ടു കെട്ടിടങ്ങളിലായി12 ക്ലാസ് മുറികളുമാണുള്ളത്.

<u>സ്കൂളിന്റെ പ്രത്യേക മേന്മകൾ</u>

•കണ്ണാടി പഞ്ചായത്തിലെ നിർധനരായ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിൽ പഠിക്കാനുള്ള സൗകര്യം

•ദൂരദേശങ്ങളിൽനിന്നുള്ള വിദ്യാർത്ഥികൾക്ക്  ബസ് സൗകര്യം

•സ്പോർട്സിൽ മികച്ച കുട്ടികൾക്ക് മികച്ച ട്രെയിനിങ്

•കലാപ്രകടനങ്ങളിൽ കാഴ്ച വെക്കുന്ന വിദ്യാർത്ഥികൾക്ക് മാനേജ്മെന്റിന്റെ സഹായത്തോടെ കലാപരിചയം

•അക്ഷര ദീപം തെളിയിച്ച വിദ്യാലയത്തിന്റെ വികസന പ്രവർത്തനങ്ങളിൽ എന്നും പിൻബലമേകാൻ സുശക്തരായ പൂർവ്വവിദ്യാർത്ഥികൾ.

•500 ആളുകൾക്ക് ഇരിക്കുന്നതിനുള്ള ആഡിറ്റോറിയം സൗകര്യം .

•ആധുനീക സാങ്കേതിക വിദ്യയിലൂടെ പഠനം ആനന്ദകരമാക്കാൻ സുസജ്ജമായ മൾട്ടിമീഡിയ റൂം.

•വിദ്യാലയത്തിന്റെ കോംപൗണ്ടിനുള്ളിൽ തന്നെ പ്രവർത്തിക്കുന്ന സ്കൂൾ കാന്റീൻ.

•വിദ്യാർത്ഥികൾക്കാവശ്യമായ പഠനസാമഗ്രികൾ മിതമായ നിരക്കിൽ നൽകി വരുന്ന കോ–ഓപ്പറേറ്റീവ് സൊസൈറ്റി.

•ഹൈസ്കൂൾ,.വിഭാഗങ്ങളിൽ ഇംഗ്ലീഷ് മീഡിയം മലയാളം മീഡിയം ക്ലാസ്സുകൾ.

•36 സ്മാർട്ട് ഹൈടെക് ക്ലാസ്സ്മുറികൾ, ഹൈസ്കൂൾ,ഹൈർസെക്കണ്ടറിസ്കൂളിലായി

•ഹൈസ്കൂൾ,. വിഭാഗങ്ങളിലെ പിന്നോക്കക്കാർക്കും മുന്നോക്കക്കാർക്കും ആവശ്യമായ കർമ്മ പദ്ധതികൾ നടപ്പിലാക്കുന്ന വിജയോൽസവം യൂണിറ്റ്.

•പാഠ്യേതര മേഖലകളിൽ സംസ്ഥാന തലം വരെ മികവ് തെളിയിക്കുന്ന രീതിയിൽ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന മികച്ച പരിശീലനപരിപാടികൾ.

•ശിശുസൗഹൃദ വിദ്യാലയാന്തരീക്ഷം.

•കാർഷിക വൃത്തിയിൽ ആഭിമുഖ്യം വളർത്തുന്ന രീതിയിലുള്ള ജൈവ പച്ചക്കറിത്തോട്ടം ,ഒരു ഏക്കർ വരുന്ന നെൽകൃഷി വിദ്യാലയത്തിന്റേയും സൗന്ദര്യം വർദ്ധിപ്പിക്കുന്നു.

<u>കെട്ടിടങ്ങൾ</u>

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 5 കെട്ടിടങ്ങളിലായി 45 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 16 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.

A BLOCK B BLOCK C BLOCK D BLOCK










# സന്ദേശം

## സ്കൂൾ മാനേജർ : സി  വിശ്വനാഥൻ



കണ്ണാടി ഹയർ സെക്കന്ററി സ്കൂളിലെ ആദ്യത്തെ ഡിജിറ്റിലൈസ്ഡ് ഇ മാഗസിൻ പുറത്തിറങ്ങുന്നു .ഇതിന്റെ സൃഷ്ടിക്കായിപ്രവർത്തിച്ചഎവർക്കും നന്ദി .നവീനമായ ഇത്തരം സംരംഭത്തിന്  എല്ലാ ഭാവുകങ്ങളും നേരുന്നു

# മാനേജ്മെന്റ്


കണ്ണാടി ഹൈസ്കൂൾ കോർപ്പറേറ്റ് മാനേജ്മെൻെറ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. മികച്ച പഠനാന്തരീക്ഷവും സൗകര്യവും ഉണ്ടാക്കാൻ മാനേജ്മെന്റ് എപ്പോഴും ശ്രദ്ധ ചെലുത്തുന്നത് സ്കൂളിനെ പാലക്കാട്ടെ പ്രധാന വിദ്യാലയങ്ങളുടെ കൂട്ടത്തിൽ ചേർക്കുന്നു.കണ്ണാടി ഹൈസ്കൂളിനെ ഹൈടെക് ആക്കി മാറ്റുന്നതിന് 1 കോടി 33 ലക്ഷം രൂപ ചിലവഴിച്ച് ക്ലാസ്റൂമുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തി .തറ ടൈൽ വിരിച്ചും റൂഫ് ട്രസ്സ് വർക്ക് നടത്തി ഓരോ മുറിയിലും ഇലക്ട്രിക്കൽ വർക്കും നടത്തി ഹൈടെക് സൗകര്യം ഒരുക്കിയിരിക്കുന്നു.കണ്ണാടി ഹൈസ്കൂളിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് കുട നോട്ടുബുക്ക് ബാഗ് ഇവാ സൗജന്യമായി വിതരണം ചെയ്യുന്നു.കൂടാതെ വിദ്യാർത്ഥികൾക്ക് സൗജന്യ ബസ് യാത്രയും ഉണ്ട്.സ്കൂളിന്റെ ബൗദ്ധിക സാഹചര്യം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ആക്ടീവ ജാഗ്രത കാണിക്കുന്ന മാനേജ്മന്റ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി 5 ലക്ഷം രൂപ ചിലവഴിച്ചു





# Our management committee

| | |
|---|---|
| 1 | സി.വിശ്വനാഥൻ (മാനേജർ) |
| 2 | കെ. വി.ഗംഗാധരപണിക്കർ |
| 3 | കെ. കെ.സുകുമാരൻനായർ |
| 4 | പി.അനിൽദാസ് |
| 5 | എ.അപ്പുകുട്ടൻ |
| 6 | കെ. പ്രബുഷ് |
| 7 | വി.അപ്പുകുട്ടൻ |
| 8 | ടി.വി.ഹരിദാസ് |
| 9 | കെ. ഗോപാലകൃഷ്ണൻ |
| 10 | എൻ .മണികണ്ഠൻ |
| 11 | രാജേന്ദ്രൻ.പി.വി |
| 12 | ഡി.സെൽവരാജ് |
| 13 | കെ.വി ഭാസ്കരപ്രസാദ് |
| 14 | പി.ചന്ദ്രദാസ് |



# Our PTA President.............

K .T. DILEEP KUMAR



കണ്ണാടി ഹയർ സെക്കന്ററി സ്കൂളിലെ ആദ്യത്തെ അതിനൂതനമായ സംരംഭമാണ് ലിറ്റിൽ കെയ്റ്റ് പുറത്തിറക്കുന്ന ഇ മാഗസിൻ .സ്കൂളിനെക്കുറിച്ചും വിദ്യാർത്ഥികളുടെ രചനകളും കൂട്ടിച്ചേർത്തു നിർമിച്ച ഈ സംരംഭത്തിന് പുറകിൽ പ്രവർത്തിച്ച അണിയറപ്രവർത്തകർക്കും,വിദ്യാർത്ഥികൾക്കും അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ .എത്ര പേജുകൾ വേണമെങ്കിലും  സാമ്പത്തികബാധ്യത ഇല്ലാതെ തന്നെ ഇതിൽ ഉൾപ്പെടുത്തുവാനും ഒപ്പം ഇതിനെ എല്ലാവർക്കും നെറ്റ്വർക്ക് സൗകര്യത്തോടെ സാമ്പത്തിക ബാധ്യത ഇല്ലാതെ തന്നെ സ്വന്തമാക്കാനും കഴിയും എന്നതാണ് ഇതിന്റെ പ്രത്യേകത .വരും വർഷങ്ങളിൽ ഇതിലെ കുറവുകൾ നികത്തി കൂട്ടുതൽ ഉള്ളടക്കങ്ങൾ ഉൾപ്പെടുത്തി എല്ലാ വിദ്യാർത്ഥികൾക്കും തന്റെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കുന്നതിന് എല്ലാ ഭാവുകങ്ങളുംനേരുന്നു

# PTA COMMITEE---2018-2019

**പി ടി എ ജനറൽ ബോഡി 31 ആഗസ്റ്റ് 2018 – വെള്ളി കണ്ണാടി ഹയർ സെക്കണ്ടറി സ്കൂൾ പി ടി എ ജനറൽ ബോഡി യോഗത്തിൽ പുതിയ പി ടി എ പ്രസിഡന്റിനെ തിരഞ്ഞെടുത്തു .കെ.ടി.ദിലീപ്കുമാർ പി ടി എ പ്രസിഡന്റ് ആയും ഉണ്ണികൃഷ്ണൻ വൈസ് പ്രസിഡന്റ് ആയും തിരഞ്ഞെടുത്തു.യോഗത്തിൽ മുൻ പി ടി എ പ്രസിഡന്റ് ജി.ലീലാകൃഷ്ണൻ അധ്യക്ഷനും പ്രിൻസിപ്പൽ ബാബു കെ മാത്യു സ്വാഗതം,ഹെഡ്മാസ്റ്റർ കെ.നന്ദകുമാർ റിപ്പോർട്ട് അവതരണം സ്റ്റാഫ് സെക്രട്ടറി ലിസി നന്ദിയും പറഞ്ഞു യോഗത്തിൽ രക്ഷിതാക്കളുടെ സജീവ ചർച്ച ഉണ്ടായിരുന്നു ക്രിയാത്മകമായ നിർദേശങ്ങൾ രക്ഷിതാക്കൾ മുന്നോട്ടു വെച്ചു.**







# വിജയോത്സവം

## എസ്സ്. എസ്സ്. എൽ. സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള അവാർഡ് ദാനവും അനുമോദനവും
## 25 ജൂലൈ 2018 – ബുധൻ










# Our Principal.............................



# Our Head master..............................

# K.NANDAKUMAR



**ലൈബ്രറി:**

റീഡിംഗ് റൂമോടു കൂടിയ പതിനായിരത്തോളം വൈവിധ്യമാർന്ന പുസ്തകങ്ങൾ ഉള്ള രണ്ടു ലൈബ്രറികൾ ഹൈസ്കൂൾ വിഭാഗത്തിനും ഹയർസെക്കണ്ടറി വിഭാഗത്തിനും വേറെ വേറെയായുണ്ട്. എണ്ണമറ്റ മാഗസിനുകളും ബാല സാഹിത്യ കൃതികളാലും, പത്ര മാസികകളാലും സമ്പന്നമായ സ്കൂൾ ലൈബ്രറികൾ സുഗമമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നു. ഇരുന്നു വായിക്കാൻ സൗകര്യമുള്ള ലൈബ്രറി കൂടുതൽ വിപുലീകരിക്കുക എന്നത് വിദ്യാലയത്തിന്റെ അടുത്ത സ്വപ്ന പദ്ധതിയാണ്. പ്രതിദിനം 8 ദിനപത്രങ്ങളും ആനുകാലികങ്ങളും ലൈബ്രറിയിലും റീഡിംഗ് റൂമിലും വരുത്തുന്നു. ക്ലാസ് ലൈബ്രറിയും സ്കൂളിൽ ഉണ്ട്. ആനുകാലികങ്ങൾ കുട്ടികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും ശേഖരിച്ച് ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ചുമതലയുള്ള അധ്യാപകന്റെ കീഴിൽ ആഴ്ചയിൽ ഓരോ ദിവസം കുട്ടികൾക്ക് പുസ്തകം വിതരണം ചെയ്യുന്നുണ്ട്. വായനാമത്സരങ്ങൾ, പുസ്തക ചർച്ച, പുസ്തക പ്രദർശനം, എഴുത്ത കാരുമായി മുഖാമുഖം തുടങ്ങിയ പരിപാടികൾ സ്കൂൾ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ നടക്കുന്നു.

**സയൻസ് ലാബ്:**

ഹൈസ്കൂളിനും ഹയർ സെക്കണ്ടറിയ്ക്കും വെവ്വേറെ സയൻസ് ലാബുകളുണ്ട്. രണ്ട് ലാബുകളിലും ടി.വി, വൈറ്റ് ബോർഡ്, ലാപ്ടോപ്പ്, സാധന സാമഗ്രികൾ സൂക്ഷിക്കാനാവശ്യമായിട്ടുള്ള അലമാറകൾ തുടങ്ങി സയൻസ് ലാബുകൾക്കാവശ്യമായ എല്ലാവിധ ആധുനിക സൗകര്യങ്ങളുമുണ്ട്. നൂറോളം വിദ്യാർത്ഥികൾക്ക് ഒരേ സമയം പഠനം നടത്താൻ സൗകര്യമുള്ള ക്ലാസ്റൂം സജ്ജീകരണത്തോടുകൂടിയ സയൻസ് ലാബിൽ, ഓരോ കുട്ടിക്കും സൗകര്യമായും സ്വതന്ത്രമായും പരീക്ഷണ നിരീക്ഷണങ്ങൾ നടത്താൻ ആവശ്യമായിട്ടുള്ള സാധന സാമഗ്രികൾ വളരെ ചിട്ടയായി സജ്ജീകരിച്ചിട്ടുണ്ട്. സെൻടൽ ഗെവേർമെന്റിന്റെ അടൽ ട്വിങ്കറിങ് ലാബിനുള്ള അനുമതിയും

ലഭിച്ചിട്ടുണ്ട്.

| ഹൈസ്കൂള്‍ ടീച്ചേഴ്സ് | |
|---|---|
| ഹെഡ് മാസ്റ്റര്‍ | കെ.എന്‍ .നന്ദകുമാര്‍ |
| ഡപ്യൂട്ടി ഹെഡ് മാസ്റ്റര്‍ | കെ.എം.പ്രദീപ് |
| മലയാളം | ആര്‍ദ്ര ,ജ്യോതി,സുരേഷ് ബാബു |
| ഇംഗ്ലീഷ് | ഷഫീന,രാഗിണി ,ആശ , നവ്യ |
| ഹിന്ദി | ഗിരിജ ,മോന മാര്‍ഷ്യ,കെ.കൃഷ്ണകുമാര്‍ |
| ഫിസിക്കല്‍ സയന്‍സ് | എ.പി.രാധ ,നിഷ,ആര്യ,പ്രജിത |
| നേച്ചറല്‍ സയന്‍സ് | ലിസി.യൂ ,സലീമാ പാമ്പാടി ,അനുരഞ്ജിനി |
| സോഷ്യല്‍ സയന്‍സ് | പ്രജിത്,സുമതി.കെ ,രാധിക.ആര്‍,എം.എസ് ശ്രീഷ |
| മാത്തമാറ്റിക്സ് | കെ.എം.പ്രദീപ്,സുനിത,വി.സ്മിത,വിജു,ദിവ്യ |
| ഫിസിക്കല്‍ എജ്യുക്കേഷന്‍ | കെ.പി.കണ്ണദാസന്‍ |
| പ്രവൃത്തി പരിചയം | കെ.പി.ഹേമലത |
| ഡ്രോയിംഗ് | സതീഷ്.എസ് |

# ഹയർ സെക്കൻണ്ടറി ടീച്ചേഴ്സ്

| | |
|---|---|
| പ്രിൻസിപ്പൽ | ബാബു.പി. മാത്യു |
| സ്മിത.കെ.പി, സൗമ്യ .എം.വി | കെമിസ്ട്രി |
| ഷീജ | മലയാളം |
| ശ്രീഭ,സോണി കുര്യാച്ചൻ | ഇംഗ്ലീഷ് |
| പ്രീതകുമാരി ടി ജി | സംസ്കൃതം |
| സുനിത.സി | ഹിന്ദി |
| ജീജാമോൾ.എസ് ,രശ്മി ചന്ദ്രൻ | ഫിസിക്സ് |
| ശ്രീലത | സുവോളജി |
| മഞ്ജുള.എം | ബോട്ടണി |
| സുഷമ.സി, ചിത്ര.വി, ഭാവന.ടി.യു | മാത്തമാറ്റിക്സ് |
| ജൂബി പോൾ | ഹിസ്റ്ററി |
| ആർ.ജയ | പൊളിറ്റിക്കൽ സയൻസ് |
| ഷീജ.എസ് ,സജിത്ത്.ഐ.എം | എക്കണോമിക്സ് |
| സജീഷ്.ആർ, ഷൈനി .ആർ | കംപ്യൂട്ടർ സയൻസ് |
| ശ്രീജ.എ,രാധ.സി | ഹിസ്റ്ററി |
| ഗീത പി ബി | ജിയോഗ്രഫി |
| ശ്രീജ എ | കോമേഴ്സ് |

# സ്കൂളിന്റെ മുൻ വിരമിച്ച അധ്യാപകർ/അനധ്യാപകർ.

| വിരമിച്ച തീയതി | വിരമിച്ച അധ്യാപകരുടെ പേരുകൾ |
|---|---|
| 31.03.1988 | പി .രാമചന്ദ്രൻ |
| 30.04.1997 | എം.എസ് മോഹൻ (പ്രധാന അധ്യാപകൻ) |
| 30.09.1999 | എസ്.ഗോപാലകൃഷ്ണൻ |
| 131.05.2005 | കെ.വി.ജനാർദ്ദനൻ |
| 30.06.2006 | ടി.എം.ശ്രീദേവി |
| 31.03.2007 | സി.ജി.അമ്മുക്കുട്ടി |
| 31.03.2008 | എം.കെ.സേതുമാധവൻ |
| 31.03.2009 | പി.എം.നസ്രീൻ |
| 131.03.2010 | എം.ആർ.പ്രേമകുമാർ (പ്രധാന അധ്യാപകൻ) |
| 131.03.2010 | കെ.ഗംഗാധരൻ |
| 31.03.2011 | എം.സ്.കുമാർ |
| 31.03.2012 | പി.സി.സിൽവി |
| 31.03.2013 | കെ.ഗോപാലകൃഷ്ണൻ |
| 31.03.2014 | ആർ.പ്രേമലത ((പ്രധാന അധ്യാപിക)) |
| 31.03.2014 | ടി.ആർ.മുരളീധരൻ |
| 31.03.2015 | കെ.വി.സുരേഷ് (അനധ്യാപകൻ) |
| 31.03.2016 | സി.ശിവദാസൻ |
| 31.03.2016 | കെ.ബാലകൃഷ്ണൻ (അനധ്യാപകൻ) |
| 31.03.2017 | കെ.പി.ജയശ്രീ (പ്രധാന അധ്യാപിക) |
| 31.03.2017 | യു .പി.ചന്ദ്രവല്ലി |
| 31.03.2017 | വി.ജയശ്രീ |
| 31.03.2017 | പി.പി.ഷീല |
| 31.03.2017 | മോഹനൻ കാഴ്ചപറമ്പിൽ (അനധ്യാപകൻ) |

## സ്കൂൾ പത്രം

2018 – 19

# അധ്യാപകരെ ആദരിക്കൽ

**5,സെപ്റ്റംബർ ബുധൻ**

എസ് പി സി ,ലിറ്റിൽ കെയ്റ്റ് ഗ്രൂപ്പിലെ അംഗങ്ങളും ചേർന്ന് പുഷ്പം കൊടുത്തു അധ്യാപകരെ ആദരിച്ചു





# അധ്യാപക ദിനം

**5,സെപ്റ്റംബർ ബുധൻ**

**കണ്ണാടി ഹയർ സെക്കണ്ടറി സ്കൂൾ**

കണ്ണാടി ഹയർ സെക്കന്ററി സ്കൂളിലെ അധ്യാപക ദിനം സമുചിതമായ രീതിയിൽ ആഘോഷിച്ചു .കണ്ണാടി ഹൈസ്കൂളിലെ 23 ഡിവിഷനുകളിലും എസ് പി സി ,ലിറ്റിൽ കൈറ്റ് ക്ലബ്ബുകളിലെ വിദ്യാർത്ഥികളാണ് ക്ലാസുകൾ എടുത്തത് .





# ഗണിത ക്വിസ്

**കണ്ണാടി ഹയർ സെക്കന്ററി സ്കൂളിലെ ഗണിത ക്വിസ് നടത്തി . ഒന്നാം സ്ഥാനം അക്ഷയ രണ്ടാം സ്ഥാനം ജിംഷാദ് മുഹമ്മദ് വിദ്യാർത്ഥികൾക്കാണ് .**

# പ്രളയക്കെടുതി

**പ്രളയക്കെടുതിയിൽ പെട്ട വിദ്യാർത്ഥികൾക്ക് ലേണിങ് ടൂൾസ് വിതരണം**

**ദുരിതാശ്വാസ പഠനോപകരണങ്ങൾ വിതരണം**

**5,സെപ്റ്റംബർ ബുധൻ**

**കണ്ണാടി ഹയർ സെക്കന്ററി സ്കൂളിലെ ഹൈ സ്കൂൾ ,പ്ലസ് വൺ ,പ്ലസ് ടു വിദ്യാർത്ഥികളിൽ നിന്ന് ശേഖരിച്ച നോട്ട്ബുക്കുകൾ മാതൃഭൂമി വി കെ സി നന്മ ഗ്രൂപ്പിന് കൈമാറി . നോട്ടുബുക്ക് –1211 പേന – 1407 പെൻസിൽ – 961 റേസർ – 528 കട്ടർ –167 സ്കെയിൽ– 202 ബാഗ് 24**





**പാക്കിങ് പ്രക്രിയ**

**ദുരിതാശ്വാസ പഠനോപകരണങ്ങൾ വിതരണം**

**3,സെപ്റ്റംബർ തിങ്കൾ**

**കണ്ണാടി ഹയർ സെക്കണ്ടറി സ്കൂൾ**

**പ്രളയ കെടുതിയിൽ അകപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി പഠനോപകാരണങ്ങളായ നോട്ടുബുക്ക്, സ്കെയിൽ, പേന ,പെൻസിൽ , റേസർ ,സ്കൂൾ ബാഗ് ,ഇവ പാക്ക് ചെയ്യുന്നു**









**3,സെപ്റ്റംബർ തിങ്കൾ**

**പാലക്കാട് സബ് ജില്ല സയൻസ് സെമിനാർ ജി എച് എസ് എസ് വെണ്ണക്കരയിൽ വെച്ച് നടത്തി നടത്തിയതിൽ കണ്ണാടി ഹൈ സ്കൂളിലെ ജിതിൻ.പി എന്ന വിദ്യാർത്ഥിക്ക് ഒന്നാം സ്ഥാനം ലഭിച്ചു**

## എസ് ആർ ജി മീറ്റിംഗ്

**സെപ്റ്റംബർ 1 , 2018 – ശനി**

**കണ്ണാടി ഹൈസ്കൂളിൽ ഇന്ന് ഉച്ചയ്ക്ക് ഒരു മണിക്ക് എസ് ആർ ജി മീറ്റിംഗ് ചേർന്ന് സുപ്രധാന തീരുമാനങ്ങൾ എടുത്തു.ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസ്സംബ്ളി ,ഹിന്ദി അസ്സംബിളി സംസ്കൃതം അസ്സംബിളി ഇവ നടത്തണമെന്ന് തീരുമാനിച്ചു .കൂടാതെ സയൻസ് , ഐ .ടി ,മാത്സ് വർക്ക് എക്സ്പീരിയൻസ് ,സോഷ്യൽ സയൻസ് മേളകൾ നടത്താൻ തീരുമാനമായി**





# ഓയിസ്ക പരീക്ഷ

**30 ആഗസ്റ്റ് 2018 – വ്യാഴം**

**കണ്ണാടി ഹയർ സെക്കണ്ടറി സ്കൂൾ കണ്ണാടി ഹൈ സ്കൂളിൽ നൂറ്റിഅൻപത്് വിദ്യാർത്ഥികൾ ഓയിസ്ക പരീക്ഷ എഴുതി .ഓയിസ്ക ടോപ് ടീൻ എന്നറിയപ്പെടുന്ന ഈ പരീക്ഷ വിദ്യാർത്ഥികളുടെ പൊതുവിവരം അളക്കാനുള്ള പരീക്ഷയാണ്**

# പ്രളയത്തിൽ ഒരു കൈത്താങ്ങ്



**30 ആഗസ്റ്റ് 2018 – വ്യാഴം**

**കണ്ണാടി ഹയർ സെക്കണ്ടറി സ്കൂൾ**

**കണ്ണാടി ഹൈ സ്കൂളിൽ പ്രളയത്തിൽ പുസ്തകങ്ങൾ നഷ്ടപെട്ട വിദ്യാർത്ഥിക്ക് സ്കൂളിലെ തന്നെ വിദ്യാര്ഥികൾ സമാഹരിച്ച നൽകിയ പഠനോപകരണങ്ങൾ സീനിയർ അസിസ്റ്റന്റ് പ്രദീപ് മാസ്റ്റർ നൽകുന്നു**







**പരിസര ശുചീകരണയജ്ഞം**

**27 ആഗസ്റ്റ് 2018 – തിങ്കൾ**

ഡെപ്യൂട്ടി ഡയറക്റ്റർ പാലക്കാടിന്റെ നിർദേശപ്രകാരം സ്കൂൾ തുറക്കുന്നതിനുമുന്പായി പരിസരം കിണർ ഇവാ വൃത്തിയാക്കുന്ന പദ്ധതിയുടെ ഉത്ഘാടനം കണ്ണാടി ഹയർ സെക്കന്ററി സ്കൂൾ മാനേജർ സി.വിശ്വനാഥൻ ചെയ്യുന്നു .പ്രളയത്തിന്റെ ഭാഗമായി ഉണ്ടായ മാലിന്യ നിർമാർജ്ജന പദ്ധതിയുടെ പ്രവർത്തനത്തിൽ സ്കൂൾ പ്രിൻസിപ്പൽ ബാബു.പി.മാത്യു ,സ്കൂൾഹെഡ്മാസ്റ്റർ കെ.നന്ദകുമാർ മറ്റു അധ്യാപകർ പങ്കെടുത്തു

| | |
|---|---|
| <br>**ഹിരോഷിമ – യുദ്ധാവിരുദ്ധ റാലി നടത്തി**<br><br>**09 ആഗസ്റ്റ് 2018 – വ്യാഴം** | ഹിരോഷിമ – നാഗസാക്കി ദിനത്തോടനുഹന്ധിച്ച്<br><br>ആഗസ്റ്റ് 09 ന് (വ്യാഴം)<br><br>കണ്ണാടി ഹയർ സെക്കണ്ടറി സ്കൂൾ<br><br>സോഷ്യൽ സയൻസ്/എസ് പി സി ക്ലബിന്റെ ആഭിമുഖ്യത്തിൽ<br><br>യുദ്ധാവിരുദ്ധ റാലി നടത്തി.<br><br>സമാധാന സന്ദേശം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ<br><br>വിദ്യാർത്ഥികൽ നിർമ്മിച്ച സഡാക്കോ കൊക്കുകൾ പറത്തി.<br><br>ഹെഡ്മാസ്റ്റർ കെ.എൻ നന്ദകുമാർ യുദ്ധാവിരുദ്ധ<br><br>സന്ദേശം നൽകി.   സി പി ഓ  മാരായ കെ.പി.കണ്ണദാസൻ<br><br>യു .ലിസി  സോഷ്യൽ സയൻസ് ക്ലബ് കൺവീനർ<br><br>ആർ രാധിക എന്നിവർ നേതൃത്വം നൽകി |

| | |
|---|---|
| **ചാന്ദ്രദിനം**<br><br>**23 ജൂലൈ 2018 – തിങ്കൾ** | ചാന്ദ്രദിനദിനത്തോടനുബന്ധിച്ച് സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ഹൈസ്കൂൾ, വിദ്യാർത്ഥികൾക്കായി പോസ്റ്റർ നിർമ്മാണം, മാഗസിൻ നിർമ്മാണം എന്നിവയിൽ മത്സരം, വീഡിയോ പ്രദർശനം, ചാന്ദ്രദിന ക്വിസ്സ് മത്സരം എന്നിവ നടത്തി. മൂന്ന് മണിക്ക് ശേഷം വിദ്യാർത്ഥികൾ നിർമ്മിച്ച മാഗസിൻ പ്രകാശനവും എക്സിബിഷനും നടത്തി.സയൻസ് ക്ലബ്ബ് കൺവീനർ സലീമാ പാമ്പാടി ജോയിൻറ് കൺവീനർ ആര്യ., സയൻസ് അദ്ധ്യാപകരായ പ്രജിത ലിസി.യു എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. മാഗസിൻ പ്രകാശനം പ്രധാനാദ്ധ്യാപകൻ കെ.നന്ദകുമാർ നിർവ്വഹിച്ചു. വിദ്ധ്യാർത്ഥി പ്രതിനിധി കൾ |

| | സ്വാഗതവും നന്ദിയും പറഞ്ഞു. |
|---|---|

## 21 ജൂലൈ 2018 – ശനി

എട്ടാം ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള ഹായ് ഇംഗ്ലീഷ്, ഈസി മാത്സ് പഠനപ്രവർത്തനത്തിന്റെ ഉൽഘാടനം സ്കൂൾ ഡപ്യൂട്ടി എച്ച്. എം,കെ.എം പ്രദീപ് നിർവ്വഹിച്ചു. കാര്യപരിപാടികളെക്കുറിച്ച് വിശദീകരിച്ചു.

## 18 ജൂലൈ 2018 – ബുധൻ

ജൂലൈ 18 ന് എസ്സ്. എസ്സ്. എൽ. സി. വിദ്യാർത്ഥികൾക്കുള്ള മോട്ടിവേഷൻ ക്ലാസ്സ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. പ്രധാനാദ്ധ്യാപകൻ കെ.എൻ.നന്ദകുമാർ ക്ലാസ്സ് ഉൽഘാടനം ചെയ്തു. ഡപ്യൂട്ടി എച്ച്. എം, കെ.എം പ്രദീപ് , വിജയോൽസവം കൺവീനർ ഗിരിജ എന്നിവർ ആശംസകൾ അർപ്പിച്ചു.

# ലഹരി വിരുദ്ധദിനം

ലഹരി വിരുദ്ധ ക്ലബ്ബിന്റെ കീഴിൽ ജൂലൈ 11 ന് (ബുധൻ) സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് പാലക്കാട് സൗത്ത് സ്റ്റേഷൻ സർക്കിൾ ഇൻസ്പെക്ടർ മനോജ്കുമാർ ലഹരി ഉപയോഗത്തെക്കുറിച്ചും അതിന്റെ ദൂഷ്യവഷങ്ങളെ ക്കുറിച്ചും ക്ലാസ്സെടുത്തു. ഹെഡ്മാസ്റ്റർ എം. കെ.എൻ.നന്ദകുമാർ ഉൽഘാടനം നിർവ്വഹിച്ചു. സി പി ഓ മാരായ കെ.പി.കണ്ണദാസൻ യു .ലിസി എന്നിവർ ആശംസകളർപ്പിച്ചു. പോസ്റ്റർ രചന, പതിപ്പ് നിർമ്മാണം തുടങ്ങിയ മൽസരങ്ങൾ നടത്തി. എക്സിബിഷൻ തലത്തിൽ സംഘടിപ്പിക്കുകയും ചെയ്തു. വിദ്യാർത്ഥിലോകത്തെ പിന്നോട്ട് നയിക്കുന്ന ലഹരി പ്രമേയമായ വീഡിയോ പ്രദർശനം നടത്തി.

# ബഷീർ ദിനാചരണം

# 05 ജൂലൈ 2018 – വ്യാഴം

ഈ വർഷത്തെ ബഷീർ ദിനാചരണത്തിൽ ബഷീറിന്റെ വിവിധ പുസ്തകങ്ങളെ അടിസ്ഥാനമാക്കി ക്ലാസ്സടിസ്ഥാനത്തിൽ ക്വിസ്സ് മത്സരം നടത്തി. ഇതിലെ വിജയികൾക്ക് ബഷീറിന്റെ പുസ്തകങ്ങളെ അടിസ്ഥാനമാക്കിയുള്ള കഥാപുസ്തക ചർച്ച നടത്തി. വിദ്യാരംഗം ക്ലബ്ബിനു കീഴിൽ നടത്തിയ പരിപാടിയിൽ വായനയുടെ മഹത്വത്തെപ്പറ്റി കെ.ഗോപാലകൃഷ്ണൻ പി ടി എ വൈസ് പ്രസിഡന്റ് ഉ ണ്ണികൃഷ്ണൻ കെ. രഘു മാസ്റ്റർ (ഉദ്ഘാടകൻ ) കെ.ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു

# വായനാവാരാചരണം

**19 ജൂൺ 2018 – ചൊവ്വ**

ഈ വർഷത്തെ വായനാവാരാചരണത്തിന്റെ ഉദ്ഘാടനം ജൂൺ 19 ന് ഹെഡ്മാസ്റ്റർ കെ.എൻ.നന്ദകുമാർഅധ്യക്ഷത വഹിച്ചു. വിദ്യാരംഗം ക്ലബ്ബിനു കീഴിൽ നടത്തിയ പരിപാടിയിൽ വായനയുടെ മഹത്വത്തെപ്പറ്റി അദ്ധ്യാപകരായ ആർദ്ര .ജ്യോതി കെ. ബി സുരേഷ്ബാബു എന്നിവർ സംസാരിച്ചു. വായനമെച്ചപ്പെടുത്തലിന്റെ ഭാഗമായി പുസ്തകശേഖരണം, വായനാമൂല ഒരുക്കൽ, ക്ലാസ്സ് ലൈബ്രറി നിർമ്മാണം, എന്നിവ നടത്തി.

# വൃക്ഷത്തൈ വിതരണം

**5 ജൂൺ 2018 – ബുധൻ**



**പരിസ്ഥിതിദിനത്തോടനുബന്ധിച്ച് സ്കൗട്ട്, ഗൈഡ്, ജൂനിയർ റെഡ്ക്രോസ് കേഡറ്റ്സിന്റെ നേതൃത്വത്തിൽ ജൂൺ 5 ബുധനാഴ്ച്ച വൃക്ഷത്തൈ വിതരണം നടന്നു. എല്ലാ കുട്ടികൾക്കും വൃക്ഷത്തൈ വിതരണം നടത്തി.**

# പ്രവേശനോത്സവം

1 ജൂൺ 2018 – ചൊവ്വ 

2018 – 19 അധ്യായനവർഷത്തിലേക്ക് നവാഗതരെ സ്വാഗതം ചെയ്തുകൊണ്ടുള്ള പ്രവേശനോത്സവ പരിപാടി കണ്ണാടി ഹയർ സെക്കണ്ടറി സ്കൂളിൽ ജൂൺ 1 വെള്ളിയാഴ്ച കണ്ണാടി പഞ്ചായത്ത് എഡ്യൂക്കേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സിദ്ധാർത്ഥൻ ഉൽഘാടനം ചെയ്തു

വിദ്യാർത്ഥികളെ സ്വീകരിക്കുനതിനായി സ്കൂൾ പൂക്കൾകൊണ്ടും ബലൂണുകൾകൊണ്ടും തോരണങ്ങൾ കൊണ്ടും അലങ്കരിച്ചിരുന്നു. പ്രവേശനോൽസവ ഗാനത്തിന്റെ അകമ്പടിയോടെ മധുരം നൽകി എല്ലാ വിദ്ധ്യാർത്ഥികളേയും സ്വീകരിച്ചു. , ഹൈസ്കൂൾ പ്രധാനാദ്ധ്യാപകൻ കെ.എൻ നന്ദകുമാർ , പി. ടി. എ. പ്രസിഡൻണ്ട് ജി.ലീലാകൃഷ്ണൻ , വൈസ് പ്രസിഡൻണ്ട് ഉണ്ണികൃഷ്ണൻ, എം. പി. ടി. എ. പ്രസിഡൻണ്ട് ആശംസകൾ അർപ്പിച്ചു.

# ജൂനിയർ റെഡ്ക്രോസ് സി ലെവൽ പരീക്ഷ

**കണ്ണാടി ഹയർ സെക്കണ്ടറി സ്കൂളിലെ 12 വിദ്യാർത്ഥികൾ അർഹത നേടി.11 മെയ് 2018 – വെള്ളി** /2017–18 അക്കാഡമിക വർഷത്തിൽ നമ്മുടെ സ്കൂളിൽ നിന്ന് 12 ജൂനിയർ റെഡ്ക്രോസ് കേഡറ്റുകൾ സി ലെവൽ പരീക്ഷയിൽ വിജയികളായി.

# സ്കൂൾതല ശാസ്ത്ര–ഗണിതശാസ്ത്ര–സാമൂഹ്യശാസ്ത്ര–പ്രവൃത്തിപരിചയ–ഐ.ടി മേള

വിദ്യാർത്ഥികളുടെ ശാസ്ത്രീയ അഭിരുചി വളർത്തുക, അവരിലെ നൈസർഗിക കഴിവുകൾ കണ്ടെത്തി ഭാവിയിൽ തനതായ ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ, ശാസ്ത്ര–ഗണിതശാസ്ത്ര–സാമൂഹ്യശാസ്ത്ര–പ്രവൃത്തിപരിചയ–ഐ.സി.ടി വൈദഗ്ധ്യം എന്നിവ കൈവരിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക, വിജ്ഞാന വർദ്ധനവിനൊപ്പം അന്വേഷണത്വരയും ഗവേഷണബുദ്ധിയും വളർത്തിയെടുക്കുക, പഠനത്തിലൂടെ ആർജ്ജിച്ച അറിവുകൾ തനിക്കും താനുൾക്കൊള്ളുന്ന സമൂഹത്തിനും ഉതകുന്ന രീതിയിൽ നിത്യജീവിതത്തിൽ പ്രായോഗികമാക്കുക, മനുഷ്യനും തന്റെ ചുറ്റുപാടും തമ്മിലുള്ള ബന്ധത്തെക്കുറിച്ചി അറിവ് നേടുകയും ഈ അറിവ് നേടാനുള്ള രീതിശാസ്ത്രത്തെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യുക, വിവരവിനിമയസാങ്കേതിക വിദ്യയുടെ ബഹുമുഖ സാധ്യതകൾ പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുക ഐ.സി.ടി രംഗത്ത് ബഹുമുഖ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ വച്ചുകൊണ്ട് സെപ്റ്റംബർ 23 ന് ശനിയാഴ്ച്ച ഹൈസ്കൂൾ തലങ്ങളിലായി സ്കൂൾതല ശാസ്ത്ര–ഗണിതശാസ്ത്ര–സാമൂഹ്യശാസ്ത്ര–പ്രവൃത്തിപരിചയ–ഐ.ടി മേള സംഘടിപ്പിച്ചു.

# എന്റെ ഗ്രാമം





**ചരിത്രം**

**പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ കുഴൽമന്ദം ബ്ളോക്കിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്താണ് കണ്ണാടി ഗ്രാമപഞ്ചായത്ത്. 1954–ൽ കുഴൽമന്ദം പഞ്ചായത്ത് രൂപീകൃതമായി. 1954 മെയ് 24–ന് ആദ്യത്തെ ഭരണസമിതി നിലവിൽ വന്നു. ആദ്യപ്രസിഡന്റ് എൻ.ബി.ബാലചന്ദ്രനും, വൈസ് പ്രസിഡന്റ് കെ.ശങ്കുണ്ണിനായരുമാണ്. കണ്ണാടി പഞ്ചായത്തിലെ ആദ്യത്തെ പ്രസിഡണ്ട് കെ.ആർ.സേതുമാധവനായിരുന്നു (17.12.1963–30.09.1984). ഈ പഞ്ചായത്തിന്റെ കിഴക്ക് കൊടുമ്പ് പഞ്ചായത്തും, പടിഞ്ഞാറ് മാത്തൂർ, കുഴൽമന്ദം പിരായിരി പഞ്ചായത്തുകളും, തെക്ക്**

തേങ്കുറിശ്ശി, പെരുവെമ്പ് പഞ്ചായത്തുകളും, വടക്ക് പിരായിരി പഞ്ചായത്തും പാലക്കാട് മുനിസിപ്പാലിറ്റിയുമാണ് അതിരുകൾ. കുഴൽമന്ദത്തെ പുൽപുരമന്ദത്തിന് തൊട്ടുവടക്ക ഭാഗത്ത് സ്ഥിതിചെയ്യുന്ന മരുതൂർ ക്ഷേത്രത്തോട് തൊട്ടാണ് കുഴൽമന്ദം കൊട്ടാരം സ്ഥിതിചെയ്യുന്നത്. അതിന്റെ അവശിഷ്ടമായി ഒരു കൽപത്തായവും കൽത്തറയും കൽച്ചുമരും ഇന്നുണ്ട്. കോലത്തിരി രാജാവിന്റെ അധീനതയിലായിരുന്നു ഈ പ്രദേശം. കുഴൽവിളി നടന്നിരുന്ന മൻ്ടം (മന്ദം) കുഴൽ മന്ദമായതാണെന്ന് പറയപ്പെടുന്നു. പ്രമുഖ സ്വാതന്ത്ര്യസമരസേനാനി അബ്ദുൾ സാഹിബ് ജീവിച്ചിരുന്ന പ്രദേശമാണിത്. യുദ്ധാവിരുദ്ധ സമരം നടത്തിയതിന് കെ.സി.ബാലകൃഷ്ണൻ മാസ്റ്റർ, ടി.സി.വേലപ്പൻ നായർ എന്നിവരെ 18 മാസം കഠിനതടവിനു ശിക്ഷിച്ചു. 1930–ൽ ഇവിടെ നടന്ന മിശ്രഭോജനത്തിന് സാക്ഷ്യം വഹിക്കുവാൻ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി എത്തിയിരുന്നു. ജവഹർലാൽ നെഹ്റു ഈ പഞ്ചായത്ത് സന്ദർശിച്ചിട്ടുണ്ട്. 1928–ൽ കർഷക പ്രക്ഷോഭം ഈ പഞ്ചായത്തിൽ നടന്നു. 1915–ൽ കുഴൽമന്ദത്തിലെ കണ്ണന്നൂരിൽ സ്ഥാപിച്ച എൽ.പി.സ്കൂളാണ് ഈ പഞ്ചായത്തിലെ പ്രഥമ വിദ്യാലയം.എൻ.എച്ച്–47–നു സമീപം സ്ഥിതിചെയ്യുന്ന കുഴൽമന്ദം കന്നുകാലിചന്ത വളരെ പഴക്കമുള്ളതും പ്രശസ്തവുമാണ്. അധിക ഭാഗവും കറുത്തകോട്ടൻ മണ്ണാണ്. ചെറിയ കുന്നുകൾ ഒഴിച്ചാൽ ബാക്കി സമതല പ്രദേശമാണ്.മഹാദേവക്ഷേത്രം, വടക്കുംനാഥക്ഷേത്രം, മരുതൂർ ശ്രീകൃഷ്ണക്ഷേത്രം എന്നിവ ഇവിടുത്തെ പ്രധാന ക്ഷേത്രങ്ങളാണ്. കൂടാതെ നിരവധി ക്രിസ്ത്യൻ മുസ്ളീം ദേവാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്.കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത് എഴുത്തുപള്ളിക്കൂടങ്ങൾ ആണ്. ഈ പ്രദേശത്തു ആദ്യമായി സ്ഥാപിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനം മാധവൻ മാസ്റ്ററുടെ ലോവർ എലിമെന്ററി സ്ക്കൂളാണ്. 20–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പറക്കുളത്ത് ആരംഭിച്ച ഈ സ്ഥാപനം പിന്നീട് ബി.ഇ.എം മാനേജ്മെന്റിന് കൈമാറി. പിന്നീട് ഇത് ഹയർ

എലിമെന്ററി സ്കൂളായി ഉയർത്തപ്പെട്ടു. ആ കാലഘട്ടത്തിൽ തന്നെ പെൺകുട്ടികൾക്ക വേണ്ടി മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് സ്കൂൾ ആരംഭിച്ചു. നിരവധി ആരാധനാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. നിരവധി ക്ഷേത്രങ്ങളും, മുസ്ളീം പള്ളിയും, ക്രിസ്ത്യൻ ദേവാലയവും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്നു. അയ്യപ്പൻ വിളക്ക്, വിഷുവേല, വെടിനാള് ശിവരാത്രി മഹോത്സവം, ശ്രീകൃഷ്ണജയന്തി ആഘോഷങ്ങൾ, നവരാത്രിമഹോത്സവം തുടങ്ങിയ വിവിധ ഉത്സവങ്ങൾ ഈ പഞ്ചായത്തിലെ ജനവിഭാഗത്തിന്റെ സാംസ്കാരിക തനിമ വിളിച്ചോതുന്നവയാണ്. ഗ്രാമീണ ഉത്സവങ്ങളിൽ ജാതിമത വ്യത്യാസമില്ലാതെ എല്ലാ ജനവിഭാഗങ്ങളും ഒത്തുകൂടുന്നു. മതസൌഹാർദ്ദത്തിന്റെ വിളനിലമാണ് കണ്ണോടി പഞ്ചായത്ത്. തെരുവത്ത് പള്ളി നേർച്ച, വിളയൻ ചാത്തന്നൂർ പള്ളി നേർച്ച എന്നിവയിൽ മുസ്ലീം സഹോദരങ്ങളോടൊപ്പം മറ്റു ജനവിഭാഗങ്ങളും പങ്കെടുക്കുന്നു. പൊതുപ്രവർത്തകനും മുൻ എം.എൽ.എ യുമായ ജോൺകിട്ടു, പുറാട്ടുംകളി ആശാനായിരുന്ന കണ്ണന്നൂർകണ്ടു തുടങ്ങി പ്രഗത്ഭർ ജീവിച്ചിരുന്നത് ഈ പഞ്ചായത്തിലായിരുന്നു. കണ്ണന്നൂർകണ്ടുആശാൻ സംസ്ഥാനതല അംഗീകാരം ലഭിച്ച കലാകാരനായിരുന്നു. രാഷ്ട്രീയപ്രവർത്തകനായ കെ.എൻ.കുഞ്ചു, സി.വി.രാമചന്ദ്രൻ തുടങ്ങിയവർ ഈ ഗ്രാമത്തിന്റെ അഭിമാനമാണ്. പഞ്ചായത്തിലെ അറിയപ്പെടുന്ന സാംസ്കാരിക സ്ഥാപനമാണ് പാത്തിക്കലുള്ള തൊഴിൽശാല. നിരവധി ഗ്രന്ഥശാലകളും, വായനശാലകളും പഞ്ചായത്തിലുടനീളം പ്രവർത്തിക്കുന്നു. പുലരി കലാസമിതി, ശിവാനന്ദ് സ്മാരക വായനശാല, പുഞ്ചിരി, യുവജന, സകനിക, സൂര്യ ക്ളബ്, നവ്യ ക്ളബ്

, യുവധാര തുടങ്ങിയ സാംസ്കാരികകേന്ദ്രങ്ങളും പഞ്ചായത്തിനെ സാംസ്കാരിക സമ്പന്നമാക്കുന്നു. പൊതുവിവരങ്ങൾ

| | |
|---|---|
| ജില്ല | പാലക്കാട് |
| ബ്ളോക്ക് | കുഴൽമന്ദം |
| വിസ്തീർണ്ണം | 19.8 ച.കി.മീ |
| വാർഡുകളുടെ എണ്ണം | 15 |
| ജനസംഖ്യ | 21725 |
| പുരുഷൻമാർ | 10631 |
| സ്ത്രീകൾ | 11094 |
| ജനസാന്ദ്രത | 1097 |
| സ്ത്രീ : പുരുഷ അനുപാതം | 1017 |
| മൊത്തം സാക്ഷരത | 82.03 |
| സാക്ഷരത (പുരുഷൻമാർ) | 86.88 |
| സാക്ഷരത (സ്ത്രീകൾ) | 70.05 |

Source : Census data 2001

# ലിറ്റിൽ കൈറ്റ്



കണ്ണാടി ഹൈ സ്കൂളിൽ ഓൺലൈൻ പരീക്ഷയിലൂടെ 40 അംഗങ്ങളെ ലിറ്റിൽ കെയ്റ്റ് സ് ആയി തിരഞ്ഞെടുത്തു.കെയ്റ്റ് നിർദ്ദേശിച്ച മൊഡ്യൂൾ പ്രകാരം ജിമ്പ് ഇങ്ക്സ്കേപ്പ് ടൂബി ട്യൂബ് ഡെസ്ക് അനിമേഷൻ എന്നീ മേഖലകളിൽ ക്ലാസുകൾ എടുത്തു സ്കൂൾതല ക്യാമ്പ് ജൂലൈ 28 ശനിയാഴ്ച നടത്തി .ലിറ്റിൽ കെയ്റ്റ് ബോർഡ് സ്ഥാപിച്ചു കുട്ടികൾക്ക് ഐഡി കാർഡ് വിതരണം ചെയ്തു ക്യാമ്പിൽ 40 കുട്ടികൾക്കും ഒരോ ലാപ്ടോപ്പ് വീതം കൊടുത്തു കൊണ്ടായിരുന്നു പരിശീലനം അതിൽ നിന്നും 4 പേരെ തിരഞ്ഞെടുത്തു .ജില്ലാതലത്തിൽ ക്യാമ്പിൽ നാലു കുട്ടികൾ പങ്കെടുത്തു.ഒപ്പം കാമറ ട്രെയിനിങ്ങിലും നാലു കുട്ടികൾ പങ്കെടുത്തു.

**ശ്രദ്ധാ പ്രവർത്തനങ്ങൾ ;–നാലു മണിക്ക് ശേഷം 8 ലെ വിദ്യാർത്ഥികൾക്ക് പഠനത്തിൽൻപുറകിൽ നിൽക്കുന്നവർക്ക് അധിക സമയം എടുത്തു രസകരമായ പഠനാനുഭവങ്ങൾ ഒരുക്കുന്നു**






എസ് എസ് എൽ സി വിദ്യാർത്ഥികളെ പ്രഭാതക്ലാസ്സ് സായാഹ്ന ക്ലാസ് രാത്രിപഠനക്ലാസ്സ് ,റിസൾട്ട് വർധിപ്പിക്കുന്നതിനുള്ള ആസൂത്രണ പദ്ധതി

**പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ എസ് എസ് എൽ സി റിസൾട്ട് വർധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയുന്ന പദ്ധതിയാണ് വിജയശ്രീ പദ്ധതി .രാവിലെ ഒൻപതു മണി മുതൽ പത്തു മാണി വരെ അധിക ക്ലാസുകൾ എടുത്തും അതുപോലെ വൈകീട്ട് നാലു മാണി മുതൽ അഞ്ചു മണി വരെ അധിക ക്ലാസ് എടുത്തും നടപ്പിലാക്കുന്ന പദ്ധതി കണ്ണാടി ഹൈസ്കൂളിൽ സജീവമായി പ്രവർത്തികമാക്കുന്നു.വിദ്യാർത്ഥികളുടെ ഗൃഹ സന്ദര്ശനം ,ഡിസംബർ മുതൽ ജനുവരി വരെ രാത്രിപദന ക്ലാസ് സാഗ് ( സ്റ്റുടെന്റ്റ് അഡോപ്റ്റഡ് ഗ്രൂപ്പ് ) , ടാഗ് (ടീച്ചർ അഡോപ്റ്റഡ് ഗ്രൂപ്പ് ) ഇവ ഓരോ ക്ലാസ്സിലും നടപ്പിലാക്കുന്നു .വിജയശ്രീ കോഓർഡിനേറ്റർ ഗിരിജ**

ക്ലബ്  കൺവീനേഴ്സ് 2018

| ക്ലബ്ബിന്റെ പേര് | കോഓർഡിനേറ്റർ | കുട്ടികളുടെ എണ്ണം |
|---|---|---|
| സ്റ്റുഡന്റ്പോലീസ് കേഡറ്റ് | ലിസി. യൂ,കെ.പി.കണ്ണദാസൻ | 44 |
| ലിറ്റിൽ കൈറ്റ്സ് | ലിസി.യൂ | 40 |
| സയൻസ്ക്ലബ് | സെലീമപാമ്പാടി | 100 |
| ITCLUB | ലിസി.യൂ | 50 |
| സോഷ്യൽ ക്ലബ് | രാധിക.ആർ | 40 |
| ഗണിതക്ലബ് | സ്മിത.വി | 40 |
| ഇംഗ്ലീഷ് ക്ലബ് | ഷഫീന.വൈ | 40 |
| മലയാളസാഹിത്യവേദി | ആർദ്ര | 40 |
| ഹിന്ദി ക്ലബ് | ഗിരിജ.ആർ | 40 |
| നാച്ചർക്ലബ് ,എസ്. ഐ.ടി. സി. ,പരിസ്ഥിതിക്ലബ് | ലിസി.യൂ | 40 |
| ഹരിതസേന | ലിസി.യൂ | 40 |
| ടൂർ കൺവീനർ | ഗിരിജ.ആർ | |
| സ്റ്റാഫ് സെക്രട്ടറി | ലിസി.യൂ | |

## കമ്പ്യൂട്ടർ ലാബുകൾ

ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്.ഹൈസ്കൂളിന് 2 കംമ്പ്യൂട്ടർ ലാബും ഹൈയർസെക്കഡറിക്ക് 1 കംമ്പ്യുട്ടർ ലാബും ഉണ്ട്. ഹൈസ്കൂളിൽ രണ്ട് ലാബുകളിലുമായി ഏകദേശം നൂറോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.സ്കൂൾ ഹൈ ടെക്ക് നിലവാരത്തിലേക്ക് കുതിക്കുകയാണ്.കൈറ്റ് നൽകിയ ഇരുപത്തിനാലു ലാപ്ടോപ്പുകൾ,പ്രോജെക്ടറുകൾ സ്ക്രീനുകൾ സ്പീക്കറുകൾ ഇവ ക്ലാസ്സ്മുറികളിൽ സ്ഥാപിച്ച പാലക്കാട് ജില്ലയിലെ ആദ്യത്തെ സമ്പൂർണ ഹൈ ടെക് സ്കൂൾ എന്ന ബഹുമതി കണ്ണാടി ഹൈസ്കൂളിനാണ് .മാനേജ്മെന്റും ഒപ്പത്തിനൊപ്പം കമ്പ്യൂട്ടർ ലാബ് വികസനത്തിന് വേണ്ട ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട് .വിദ്യാർത്ഥികൾക്ക് ദൃശ്യ ശ്രാവ്യ പഠന അനുഭവങ്ങൾ പ്രധാനം ചെയ്യാൻ പരിശീലനം ലഭിച്ച അധ്യാപകർ ഹൈടെക് നിലവാരത്തിലുള്ള പഠനം വിനിമയം ചെയ്യുന്നതിൽ നിപുണി പ്രദർശിപ്പിക്കുന്നു.

## സ്കൂൾ ബസ്സ്

കണ്ണാടി ,പാലക്കാട്, പെരിങ്ങോട്ടുകുറിശ്ശി,യാക്കര,തേങ്കുറിശ്ശി,മഞ്ഞളൂർ ,കോട്ടായി,തുടങ്ങി പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിലായി സ്കൂൾ ബസ് ട്രിപ്പ് നടത്തുന്നു.പുതിയതായി എട്ടാം ക്ലാസ്സിൽ അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ ബസ് യാത്ര കണ്ണാടി ഹൈ സ്കൂൾ മാനേജ്മന്റ് അനുവദിച്ചിരിക്കുന്നു.കൂടാതെ അഡ്മിഷൻ സമയത്തു കഴിഞ്ഞ കുറെ വർഷങ്ങളായി വിദ്യാർത്ഥികൾക്ക് ബാഗ് ,കുട ,നോട്ട്ബുക്കുകൾ ഇവാ സൗജന്യമായി കൊടുക്കുന്നു



# ജൂനിയർ റെഡ്ക്രോസ്.

സ്വിറ്റ്സർലണ്ടുകാരനായ ഹെൻറി ഡ്യനൻറിൻറ് 1863–ൽ സ്ഥാപിച്ച ജൂനിയർ റെഡ്ക്രോസ് യൂണിറ്റിന്റെ പ്രവർത്തനം വളരെ കാര്യക്ഷമമായി തന്നെ കണ്ണാടി ഹയർ സെക്കന്ററി സ്കൂളിൽ നടക്കുന്നുണ്ട്. സ്കൂളിൽ, ജൂനിയർ റെഡ്ക്രോസിന് ഒരു യൂണിറ്റാണുള്ളത്. വിദ്യാർത്ഥികളിലെ സേവനമനോഭാവവും ആതുര ശുശ്രൂഷ താൽപര്യം വളർത്തി സമൂഹത്തിന് നന്മയാർന്ന മാതൃകയാവുക എന്നതാണ് ജൂനിയർ റെഡ് ക്രോസ്സിന്റെ പ്രധാന ലക്ഷ്യം. സ്കൂളിലെ ഏതൊരു പ്രവർത്തനത്തിലും ജെ.ആർ.സി. കേഡറ്റുകളുടെ സജീവ സാനിധ്യമുണ്ട്.

## വിദ്യാരംഗം കലാ സാഹിത്യ വേദി.

പഠനത്തോടൊപ്പം വിദ്യാർത്ഥികളുടെ സർഗാത്മക ശേഷികൾ വളർത്താനും, അവരിലെ കഴിവുകൾ കണ്ടെത്തുന്നതിനുമായി സ്കൂളിൽ വിദ്യാരംഗം സാഹിത്യ വേദി പ്രവർത്തിക്കുന്നു.

## ജാഗ്രത സമിതി.

കുട്ടികൾ, രക്ഷാകർത്താക്കൾ, അധ്യാപകർ എന്നിവർക്ക് ജാഗ്രത സമിതിക്ക് കീഴിൽ ഹെൽപ്പ് ഡെസ്ക് സംവിധാനത്തിലൂടെ വിദഗ്ദ പ്രശ്നപരിഹാരം സാധ്യമാകുന്നു. ഓരോ ക്ലാസ്സിലേയും രണ്ട് പെൺകുട്ടികൾ രണ്ട് ആൺകുട്ടികൾ, അദ്ധ്യാപക പ്രതിനിധികൾ, വാർഡ് മെമ്പർ, പി. ടി. എ പ്രസിഡന്റ്, പി. ടി. എ. പ്രതിനിധി, എം. പി. ടി. എ ചെയർ പേഴ്സൺ, എം. പി. ടി. എ പ്രതിനിധി എന്നിവരടങ്ങുന്ന 12 അംഗ സമിതിയാണിത്. വിദ്യാർതഥികൾക്ക് പ്രത്യേക കൗൺസിലിങ്, മോട്ടിവേഷൻ ക്ലാസുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഹെൽപ്പ് ഡെസ്കിന് കീഴിൽ നടക്കുന്നുണ്ട്. കൺവീനർ കെ.പി.കണ്ണദാസൻ . വി.പി, ജോയിൻറ് കൺവീനർ ലിസി യു ,സ്റ്റുഡൻറ് കൺവീനർ എന്നിവർ ജാഗ്രത സമിതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

# ജനാധിപത്യ വേദി.

2018– 19 അധ്യയന വർഷത്തിലെ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് ജൂലൈ 27 ന് (വെള്ളി) സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. പാർലമെന്ററി തെരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ അനുസരിച്ച് തന്നെ ആയിരുന്നു സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തിയത്.

# സബ്ജക്ട് കൗൺസിൽ

അധ്യാപകരുടെ മികച്ച പ്രവർത്തനങ്ങൾ എല്ലാ വിദ്യാർത്ഥികളിലേക്കും എത്തിക്കുന്നതിനു വേണ്ടി മാസത്തിൽ രണ്ട് പ്രാവശ്യം വീതം എങ്കിലും എല്ലാ വിഷയങ്ങളിലും സബ്ജക്ട് കൗൺസിൽ കൂടുന്നുണ്ട്. കൗൺസിലിൽ പഠിപ്പിക്കേണ്ട പാഠഭാഗങ്ങൾ, നല്കേണ്ട പ്രവർത്തനങ്ങൾ,തുടർമൂല്യനിർണ്ണയ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്.

# ഉച്ചഭക്ഷണ പദ്ധതി:

സർക്കാർ നിർദ്ദേശത്തിലുപരി അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ഉച്ചഭക്ഷണം നൽകുന്നുണ്ട്. ഇതിന് സൗകര്യപ്രദമായ രീതിയിൽ ആധുനിക അടുക്കള, പുകയില്ലാത്ത അടുപ്പ് മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. പാചകത്തിനായി രണ്ടു പേരെ നിയമിച്ചിട്ടുണ്ട്. വിദ്യാലയത്തിൽ വിളയിച്ചെടുക്കുന്ന പച്ചക്കറികൾ കറിയ്ക്കായി ഉപയോഗിച്ചു വരുന്നുണ്ട്. ഉച്ചഭക്ഷണ പദ്ധതി കൂടുതൽ വിപുലീകരിക്കാനുള്ള ഒരു സ്വപനം വിദ്യാലയം മുന്നിൽ കാണുന്നു. ഒരു ഏക്കറിൽ വരുന്ന കൃഷിയിടത്തിൽ നിന്നും ലഭിക്കുന്ന കാർഷികോത്പന്നങ്ങൾ ഉച്ച ഭക്ഷണത്തിനായി ഉപയോഗിക്കുന്നു

# റിസോഴ്സ് ടീച്ചർ

ഇൻക്ലൂസീവ് എഡ്യൂക്കേഷന്റെ ഭാഗമായി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പഠനപ്രവർത്തനങ്ങളിൽ സഹായിക്കാൻ കഴിഞ്ഞ നാലുവർഷങ്ങളായി ഒരു റിസോഴ്സ് ടീച്ചറുടെ സേവനം സ്കൂളിൽ ലഭ്യമാക്കിയിട്ടുണ്ട്. പഠ്യ- പഠ്യേതര പ്രവർത്തനങ്ങളിൽ ഈ കുട്ടികൾക്ക് അദ്ധ്യാപകരുടെ സഹായത്തിനു പുറമേ റിസോഴ്സ് ടീച്ചറുടെ സഹായവും ലഭിക്കുന്നു. സ്കൂൾ മികവ് പ്രവർത്തനങ്ങളിലും സബ്ജില്ല, ജില്ല ശാസ്ത്രമേളകളിലും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പങ്കെടുപ്പിക്കുന്നുണ്ട്.

# കോ-ഓപ്പറേറ്റീവ് സൊസൈറ്റി:

കുട്ടികൾക്കാവശ്യമായ പഠനസാമഗ്രികൾ മിതമായ നിരക്കിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തരം നൽകി വരുന്നു.

# എസ് പി സി ഉത്ഘാടനം








FIRST BATCH



ഡ്രിൽ ഇൻസ്ട്രക്ടർ SUDHEER



വുമൺ ഡ്രിൽ ഇൻസ്ട്രക്ടർ JEEJA/ വുമൺ ഡ്രിൽ ഇൻസ്ട്രക്ടർശരണ്യ





എസ് പി സി ഫസ്റ്റ് ബാച്ച്

## എസ് പി സി ക്യാമ്പുകൾ

- എസ് പി സി ക്യാമ്പുകൾ(ഫോട്ടോസ് ).

## ഡോഗ് സ്ക്വാഡ്

- ഡോഗ് സ്ക്വാഡ്

## തസ്റാക്കിലേക്ക ഖസാക്കിന്റെ ഇതിഹാസങ്ങളിലൂടെ

- തസ്റാക്കിലേക്ക ഖസാക്കിന്റെ ഇതിഹാസങ്ങളിലൂടെ .

## ഔഷധത്തോട്ടം–ഔഷധത്തോട്ടത്തിനു പുരസ്ക്കാരം

വൈദ്യ രത്നം ഔഷധശാലയുമായി സഹകരിച്ച സ്കൂളിൽ ഒരു ഔഷധത്തോട്ടം ഉണ്ടാക്കുന്നതിനുള്ള ഉദ്യമത്തിന് പുരസ്കാരം ലഭിച്ചു .എസ് പീ സി കേഡേറ്റസിന്റെ കൈയൊപ്പുള്ള ഈ പ്രവർത്തനം വിദ്യാർത്ഥികളിൽ തങ്ങളുടെ പരിസരത്തുള്ള എല്ലാ സസ്യങ്ങളെയും നിരീകിഷിക്കുന്നതിനും അതിന്റെ പ്രാധാന്യം മനസിലാക്കാനുള്ള പ്രേരണ ഉണ്ടാക്കുകയും ചെയ്തു



## അന്താരാഷ്ട്ര യോഗ ദിനം

യോഗ ദിനം പാലക്കാട് ഇൻഡോർസ്റ്റേഡിയത്തിൽ പ്രമുഖവ്യകതികളുടെ സാന്നിധ്യത്തിൽ പരിശീലനം നടത്തിയപ്പോൾ








## പരിസ്ഥിതി പ്രവർത്തകനായ ഗുരുവായൂരപ്പൻ സാറിനോടൊപ്പം




## റാലി

കണ്ണാടി ഹൈസ്കൂളിലെ സ്റ്റുഡൻറ് പോലീസ് കാഡറ്റുകൾ അന്താരാഷ്ട്ര ലഹരി ദിനവുമായി ബന്ധപ്പെട്ട നടത്തിയ റാലി .ഒപ്പം പോലീസ് ഡിപ്പാർട്മെന്റുമായി ചേർന്ന് വിമുക്തി പ്രോജെക്ടിൽ പങ്കെടുത്തു






## <u>വായനശാല സന്ദർശനം</u>

കണ്ണാടി ഹൈസ്കൂളിലെ സ്റ്റുഡൻറ് പോലീസ് കാഡറ്റുകൾ അന്താരാഷ്ട്ര വായനാദിനവുമായി ദിനവുമായി ബന്ധപ്പെട്ട കണ്ണാടി പാത്തിക്കലി ലുള്ള വായനശാല സന്ദർശിച്ച പുസ്തകങ്ങൾ പരിചയപ്പെട്ടു










## തടയണ നിർമിക്കൽ

കണ്ണാടി ഹൈസ്കൂളിന് സമീപത്തുള്ള കർഷകർക്ക് ആവശ്യമുള്ള തോഡിൽ മണ്ണ് നിറച്ച 500 ചാക്കുകൾ കെട്ടിവെച്ച തടയണ നിർമിച്ച

ഈ പ്രവർത്തനം സമൂഹത്തിൽ ശ്രദ്ധ പിടിച്ച പറ്റി



# പാസിംഗ് ഔട്ട് പരേഡ്

കണ്ണാടി ഹൈ സ്കൂളും ബിഎംഎസും ചേർന്നാണ് പാസിംഗ് ഔട്ട് പാരഡി സംഘടിപ്പിച്ചത്.സൗത്ത് സ്റ്റേഷൻ മേധാവി മേധാവി ഉത്ഘാടനം ചെയ്ത ഈ പരിപാടിയുടെ മുഖ്യ ആകർഷണം കുട്ടികളുടെ പരേഡ് ആയിരുന്നു .

## നന്മ

പ്രളയക്കെടുതി മൂലം നാശനഷ്ടങ്ങൾ സംഭവിച്ച വീടുകൾ നഷ്ടപെട്ട ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർക്ക് അടിസ്ഥാനാവശ്യങ്ങളായ തോർത്ത് പുതപ്പ ഇവ സ്ട്ടുടെന്റ്റ് പോലീസ് കാഡേറ്റസുകളുടെ സഹായത്തോടെ ഒരു ചെറിയ ആശ്വാസപ്രവർത്തനം



കൊല്ലങ്കോട് ഏലവഞ്ചേരി ഭാഗത്തുള്ള ഒരു ആൺകുട്ടിക്ക് ബ്ലഡ് കാൻസർ ചികിത്സക്കായി കണ്ണാടി ഹൈ സ്കുൾ വിദ്യാർത്ഥികൾ സമാഹരിച്ച 25000 രൂപ കുട്ടിക്ക് കൈമാറുന്നു





## പോലീസ് സ്റ്റേഷൻ സന്ദർശനം



## ട്രാഫിക് കൺട്രോൾ – എസ് പി സി യുടെ കുട്ടികരങ്ങളിലൂടെ

പാലക്കാട് ടൗണിൽ നഗരത്തിന്റെ ഹൃദയഭാഗത്തു വിദ്യാർത്ഥികളെ ട്രാഫിക് ബോധവത്കരണത്തിനായി ട്രാഫിക് ഡ്യൂട്ടിക്ക് നിയോഗിച്ചു .ട്രാഫിക് പോലീസ് ഓഫീസെഴ്സിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് ട്രാഫിക് നിയമങ്ങൾ മനസിലാക്കുന്നതിനും സിഗ്നലുകളെ കുറിച്ചും ഡ്രൈവർമാർ പാലിക്കേണ്ട പെരുമാറ്റരീതികളെ

കുറിച്ചും മനസ്സിലാക്കാൻ കഴിഞ്ഞു





## സൗത്ത് സ്റ്റേഷൻ എസ് പി സി കേഡറ്റുകൾ സന്ദർശനം

കണ്ണാടി ഹൈ സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ സൗത്ത് പോലീസ് സ്റ്റേഷൻ സന്ദർശിച്ചു സ്റ്റേഷന്റെ പ്രവർത്തനങ്ങൾ മനസിലാക്കി .കുറ്റവാളികളെ അടക്കുന്ന ജയിൽ ,ട്രാഫിക് പോലീസ്

സ്റ്റേഷൻ ,പോലീസ് സ്റ്റേഷനിലെ മറ്റു വിഭാഗങ്ങൾ ഇവ സന്ദർശിച്ചു






## പ്ലാസ്റ്റിക് ഉപഭോഗം നിയന്ത്രിക്കൽ

പ്ലാസ്റ്റിക് ഉപഭോഗം നിയന്ത്രിക്കൽ :-മാതൃഭൂമി ദിനപത്രവുമായി കൂട്ടുപിടിച്ചു സീഡ് എന്ന പദ്ധതിയുടെ ഭാഗമാകാൻ സ്റ്റുഡന്റ് പോലീസ് കേഡറ്റിസിന് കഴിഞ്ഞിട്ടുണ്ട് .വിദ്യാർത്ഥികളുടെ വീട്ടിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ മാതൃഭൂമി നിർദ്ദേശിച്ച ഏജൻസിക്കു കൈമാറി.പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം നിർവഹിച്ച ഈ പരിപാടിയിൽ കണ്ണാടി പഞ്ചായത്തിലേക്കും ഈ പദ്ധതി നടപ്പിലാക്കുവാൻ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു



## പ്ലാസ്റ്റിക് ബോട്ടിലിനു പകരം സ്റ്റീൽ ബോട്ടിൽ

പ്ലാസ്റ്റിക് ബോട്ടലിനു പകരം സ്റ്റീൽ ബോട്ടിലുമായി എസ പി.സി കേഡറ്റുകൾ മുൻപന്തിയിൽ .ഈ പദ്ധതി ഉദ്ഘാടനം ചെയ്തത് കണ്ണാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ വേണുഗോപാൽ ആണ്.1500

കിലോഗ്രാം പ്ലാസ്റ്റിക്കുകൾ ശേഖരിച്ച പാലക്കാട് ജില്ലയിലെ മറ്റു വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് കേഡറ്റുകൾ മാതൃകയായി



**ഓഗസ്റ്റ് 15 / ജനുവരി 26 റിപ്പബ്ലിക്ക് ദിനാചരണം**

സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ പ്രേത്യേക പരേഡ് ഉണ്ടായിരുന്നു



കായികപരിശീലനം യോഗാട്രൈനിങ്

--ആഴ്ചയിൽ ബുധൻ –ശനി ദിവസങ്ങളിൽ




**എസ് പി സി യുടെ പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങൾ**

കേഡറ്റുകൾ വിവിധ ഭാഗങ്ങളിൽ നിന്നും സ്കൂൾ പരിസരത്തു നിന്നും ശേഖരിച്ച വിവിധ വൃക്ഷത്തെയുടെ വിത്തുകൾ ശേഖരിച്ച പരിസ്ഥിതി ദിനത്തിൽ മുളപ്പിച്ച വിതരണം ചെയ്യുന്നതിനായി കണ്ണാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനെ ഏല്പിച്ചു.1500 ഓളം വിത്തുകളാണ് ഈ രീതിയിൽ ശേഖരിച്ച കൊടുത്തത്







**കണ്ണാടി ഹൈ സ്കൂളിലെ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ**

## വകുപ്പ് ഏർപ്പെടുത്തിയ വിവിധ സ്കോളർഷിപ്പുകൾ

---

1.എൻ എം എം എസ്
2.ഓ ബി സി സ്കോളർഷിപ്
3. എൻ ടി എസ് ഇ
4. ഓ ഈ സി
5.ഓ ബി സി പ്രീമെട്രിക്
6.സ്നേഹപൂർവ്വം
7.സമ്മുന്നിതി
8.ഇൻസെന്റീവ് ഗേൾസ്
9.അയ്യൻകാളി
10. എസ് ടി സ്കോളർഷിപ്
11. ഇൻസ്പൈർ അവാർഡ്
12.മുസ്ലിം നാടാർ സ്കോളർഷിപ്
13.എസ് സി സ്കോളർഷിപ്

# മരണമെന്ന തോൽവി



തന്റെ മനസിലുള്ള വെളിച്ചം
നമുക്കായ് പകർന്ന അദ്ധ്യാപകർ.
നിരാശയുടെ നിശ്വാസത്തിലേക്ക്
ചെറുപുഞ്ചിരിയുമായിവന്ന
സുഹൃത്തുക്കൾ.
ചെയ്ത തെറ്റുകൾ തിരുത്തുന്ന
മാതാപിതാക്കൾ.
നമുക്കുചുറ്റും നന്മ സ്നേഹിക്കുന്ന
ഒരുപാട് മനസുകളുണ്ട്,
എന്നാൽ ഇതൊന്നും തിരിച്ചറിയാതെ
ഒരു നിമിഷത്തെ നിരാശയുടെ മേൽ
മരണത്തെ കുറിച്ചു ചിന്തിക്കുന്ന
നമ്മുടെ മനസുകളാണ് ഇനിയെന്തന്നറിയാത്ത അന്ധകാരത്തിൽ
അകപെട്ടിരിക്കുന്നത്.


AKSHARA (9G)

# കൊന്നകൾ പൂവിട്ടൂ..

പൊന്നിൻ കിങ്ങിണി ചാർത്തിയപോലെ
കൊന്നകൾ തൊടിയിൽ പൂവിട്ടൂ.
വയലിന്നരികിലെ വാകമരത്തിൽ
കിളി പാടീ!–ലലലലലാ...!
ഉണ്ണീ,പോരൂ!–കുഞ്ഞേട്ത്തി
നിൻമിഴിപൊത്തി നടത്തുന്നു!
പൂക്കണിവച്ച മണിത്താലമിതാ!
പൂമിഴിയൊന്നു തുറന്നോളൂ...
മണ്ണിനഴകുൾ നൻമകളെല്ലാം
കൺകുളിരെ കണികാണാൻ!




Ananya.M
9-b



# അഹിംസാ ദൂതൻ

അഹിംസ എന്നൊരു സത്യത്തെ മൊട്ടത്തലയിൽ കുടിയേറ്റി
വിജയത്തിൻെ ജയമുനകാട്ടി ആവേശത്തിൻ കതിരൊളിയായ
സത്യത്തിൻെറ നേർവഴി കാട്ടി നാടിനെ നയിച്ച വിരാളി നമുക്കു
എന്നും നിത്യം സ്വരാജ്യം പകുത്തു തന്നൊരു പോരാളി വിജയം
മനസ്സിലുറപ്പിച്ചു  മാറി ഗാന്ധിജി ശാന്തമായൊരു മനസ്സിൻ ഉടമ
എന്നൊരു വാക്യത്തെ അടക്കിയ നീർക്കോലാം വിശ്വരൂപത്തിൽ
അന്നും ഇന്നും മനസ്സിൽ തങ്ങിയ വാങ്ങ്മയ ചിത്രമായ്
അഹിംസദൂതൻ

*അനുഗ്രഹ.എ*
*X–G*



# എന്റെ സ്വപ്നം

പൂമ്പാറ്റകളെ പോലെ പാറിപറന്നു
സ്വപ്നങ്ങൾ ഓടിമറയുന്നു
പൂനിലാവിൽ പക്ഷികൾ
ചിറകിട്ടുപറക്കുന്നു
വിത്തുകൾ മണ്ണിൽ നിന്ന്
അന്തരീക്ഷപ്രഭയിലേക്ക് ഉണരുന്നു
സ്വപ്നത്തിൽ ചിറകുകൾ വിടരുന്നു
വെൺകുളിർപോലെ ചിരിച്ച് നിൽക്കുന്ന
പുഷ്പങ്ങളിൽ  തേൻനുകരാൻ
വണ്ടുക്കൾ ചിറകടി ശബ്ദത്തോടെ
പാറിപറക്കുന്ന നിമിഷം
മഴയെന്നോവെയിലെന്നോനോക്കാതെ   തനിയെ ചിറകിട്ടുപറക്കുന്ന നിമിഷം
പറവകളും ചെറുശലഭങ്ങളുംനിലാവിന്റെ
 പ്രകാശത്തിൽ മായാനക്ഷത്രങ്ങൾ  പോലെ   സ്വപ്നങ്ങൾ എത്ര സുന്ദരം.

Anusree.N
9-B

# പുലരി

പ്രഭാതത്തിൽ പൊൻകിരണമണിയുന്ന
തുഷാരകിരണമേ......
നീ ചൊരിയുന്നതെന്നിൽ
അനേകമായിരം ശോഭകളാം
വർണ്ണപ്രഭകൾ
അരുണിമചൊരിയും നിൻ
പുഞ്ചിപോൽ
എന്നുടെ വീഥിയിൽ എന്നും
മായാതെ നിൽക്കുന്ന
നിറസുപ്രഭാതമെ....



ആർച്ച.കെ
9.G

# മറക്കരുതേ





മറന്നുപോകരുതേ പുലർവടം
മറന്നുപോകരുതേ മഴയെ
മറന്നുപോകരുതീ ഭൂവിൽ നാം
മറന്നുപോകരുതേ നമ്മേ
മാതാവിൻ മൃദുഹാസം
ചൊരിഞ്ഞ പ്രഭയെ മറക്കരുതേ
ഇ ക്ഷിതി തന്നിൽ നമ്മിലറിവായ്
നിറഞ്ഞ ഗുരുവെ മറക്കരുതേ
നിതാന്തകർമ തേജസ്വിയാമോരു
സൂര്യനെ നമ്മൾ മറക്കരുതേ.

– ARJUN KESAV.M

# എന്റെ കേരളം



ദൈവത്തിന്റെ സ്വന്തം നാടാണ് കേരളം.
മനുഷ്യമനസ്സുകളിലെ പ്രകൃതി ആസ്വാദനത്തെ
വളർത്തുന്ന നാടാണ് കേരളം.പാരമ്പര്യത്തെയും
സംസ്കാരത്തെയും ഇന്നും കേരളം നിലനിർത്തുന്നു.ഉത്സവങ്ങളിലും
ആഘോഷങ്ങളിലും
കേരളീയർ ഇന്നും മുന്നിലാണ്.ലോകജനത ഒരുമിച്ച്
ആഘോഷിക്കുന്ന ഉത്സവമാണ് തൃശ്ശൂർപ്പൂരം.കലയുടെ കലവറയാണ്
കേരളം.
ഏവർക്കും മാതൃകയാണ് നമ്മുടെ കേരളം.

അശ്വിനി.ആർ
9-f

# കണ്ണുനീർ



പനിനീർ ദളം പോലെ
മൃദുവായ ചുണ്ടുകൾ
നീണ്ടു വിടർന്ന
കണ്ണുകളോടു ചോദിച്ചു
നീയെന്തേ നിറയാത്തൂ
നീയെന്തേ തുളുമ്പാത്തൂ
എന്തേ പെയ്തൊഴിയാത്തൂ
ഒരു കടലുണ്ടല്ലോ
കരഞ്ഞു തീർക്കാൻ
പെയ്തൊഴിയൂ
മനസ്സ് ശാന്തമാകട്ടെ
മിഴികൾ മെലേ മൊഴിഞ്ഞു
ഞാൻ പെയ്തുവെന്നാൽ
നിനക്ക് വിതുമ്പാതിരിക്കാനാവില്ല
തേങ്ങി തേങ്ങി തളരാതിരിക്കാൻ
അലറി കരയാതിരിക്കാനാവില്ല
എനിക്കതു കാണാൻ വയ്യ
നിന്റെ പുഞ്ചിരിയാണെന്റെ ശാന്തത

വിൻഷ . വി
9 .A

# പ്രിയ കൂട്ടുകാരി



എൻ പ്രിയ സുഹൃത്തെ, നീ
ഓർക്കുന്നുവോ?
അന്ന് നാം ഒരുമിച്ചു കളിച്ചതും
പൊട്ടിചിരിച്ചതും പിണങ്ങിയതു മെല്ലാം നീ
ഇന്ന് ഓർക്കുന്നുവോ...
അന്ന് നാം എന്നും ഒരുമിച്ചായിരുന്നു,
എന്നാൽ ഇന്നു നീ എന്നിൽ നിന്നും
വളരെയധികം അകലെയാണ്
എനിക്ക് ഒരിക്കലും ചെന്നെത്താൻ,
കഴിയാത്ത ദൂരത്തിലാണ് നീ,
എന്നാലും നിൻ ഓർമകൾ
എന്നിലൂടെ ജീവിക്കുന്നു.

ATHULYA
9D

# ഒരു ദൈവ സന്ദേശം

കരയുന്ന ഭൂമിയുടെ കണ്ണീർ–
തുടയ്ക്കാൻ ഒരുങ്ങാത്ത മക്കളെ
പോറ്റുന്ന ഭൂമിയുടെ
ദീനമാം രോദനം കേൾക്കുന്നു ഞാൻ,
ഭൂമി പിളരുന്നു മരണമാം
വേദനയോടെ,



കണ്ണുനീർ പൊഴിക്കുന്നു
താടകയെന്ന പോൽ,



ഓർക്കുക മർത്യാനീ
ജീവൻ തുടിപ്പുള്ള
ഭൂമിയാം ദേവിയെ നോവിച്ചാൽ
അനുഭവിക്കും നീ–
ഒരുനാൾ.

GANGA.G
9–C

# എന്റെ കലാലയം

*ഒരു പൂവിന്നിതൾ ഇനി പൂക്കും നേരമേ*
*ഈ തുഞ്ചൻ മണ്ണിലായ് ഇനി വിടരും വർണ്ണമേ*
*ഈ മണ്ണിൽ ഗന്ധമായ്,ഇനി താരമായ്*
*ഈ മേഘം വർണ്ണമായ്,ഇനി എഴുതാൻ ഇതളുകൾ*
*തൂമഞ്ഞിൻ തലോടൽ പോലെ*
*തഴുകീടും ജ്വലയൗവ്വനം*
*സ്നേഹത്തിൻ ശലഭമായ്*
*എന്നു മീ കലയുടെയാലയം?*
വിപ്ലവം പൂമൊട്ടുപോൽ
ഇനി വിടരുവാൻ നേരമായ്
തെരുവീഥികൾ അരുണാഭമായ്
ഇനി നീലാകാശം ചുവക്കും



# പ്രകാശശാസ്ത്രത്തിലെ പ്രതിഭകൾ

പ്രകാശത്തെപ്പറ്റി പഠിക്കുന്ന ശാസ്ത്ര ശാഖയ്ക്ക് ഓപ്റ്റിക്സ് എന്നാണ് പേര്.ഓപ്റ്റിക്സ് ചരിത്രത്തിലെ ചില പ്രതിഭാശാലികൾ......

യൂക്ലിഡ്....മഹാനായ ഗ്രീക്ക് ശാസ്ത്രജ്ഞൻ. പ്രകാശത്തിന്റെ പ്രതിഫലനത്തെപ്പറ്റി പഠിച്ചു.

ഇബ്ൻ അൽ ഹയ്താം...പേർഷ്യൻ ശാസ്ത്രജ്ഞൻ. കാഴ്ചയിൽ പ്രകാശത്തിന്റെ പങ്കു വിശദീകരിച്ചു.

ഹാൻസ് ലിപ്പർഷെ....ഡച്ചുകാരനായ കണ്ണട നിർമ്മാതാവ്.ആദ്യമായി ടെലസ്കോപ്പ് നിർമ്മിച്ചു.

സക്കറിയാസ് ജാൻസൺ....ഡച്ചുകാരൻ. കോമ്പൗണ്ട് മൈക്രോസ്കോപ്പ് നിർമിച്ചു.

ഗലീലിയോ ഗലീലി.....ഇറ്റാലിയൻ ശാസ്ത്രജ്ഞൻ.മെച്ചപ്പെട്ട ടെലസ്കോപ്പ് നിർമ്മിച്ചു.

വില്ലിബ്രോഡ് സ്നെൽ....ഡച്ചുശാസ്ത്രജ്ഞൻ. അപവർത്തന നിയമം കണ്ടെത്തി.

ഐസക് ന്യൂട്ടൻ...ഇംഗ്ലീഷ് ശാസ്ത്രജ്ഞൻ.പ്രകാശത്തിലെ നിറങ്ങളെപ്പറ്റി പഠനം നടത്തി.

അന്റോയിൻ ല്യൂവൻ ഹോക്ക്.....ഡച്ചുശാസ്ത്രജ്ഞൻ. സിംഗിൾ ലെൻസ് മൈക്രോസ്കോപ്പ് നിർമ്മിച്ചു.

ജോഹനാസ് കെപ്ലർ....ജർമ്മൻ ശാസ്ത്രജ്ഞൻ.റിഫ്രാക്റ്റിംഗ് ടെലസ്കോപ്പ് പരിഷ്കരിച്ചു.

ക്രിസ്റ്റ്യൻ ഹൈഗൻസ്...പ്രകാശത്തിന്റെ തരംഗസിദ്ധാന്തം രൂപപ്പെടുത്തി.

തോമസ് യങ്....തരംഗസിദ്ധാന്തം കൂടുതലായി പഠിച്ചു.

അഗസ്റ്റിൻ ജീൻ ഫ്രെസ്നൽ...തരംഗസിദ്ധാന്തത്തെപ്പറ്റി പഠിച്ചു.ഫ്രെസ്നൽ ലെൻസ് നിർമ്മിച്ചു.

അലക്സാണ്ടർ ബെക്വറൽ....ഫോട്ടോവോൾട്ടായിക് ഇഫക്ട് കണ്ടുപിടിച്ചു.

ജയിംസ് ക്ലാർക്ക് മാക്സ് വെൽ....പ്രകാശം വൈദ്യുത കാന്തിക വികിരണമാണെന്ന് കണ്ടെത്തി.

ഏണസ്റ്റ് ആബെ....റിഫ്രാക്റ്റോ മീറ്റർ കണ്ടെത്തി.
പോൾ നിപ്കോ....നിപ്കോ ഡിസ്ക് കണ്ടെത്തി.
ഹെൻറിച്ച് ഹേട്സ്......ഫോട്ടോ ഇലക്ട്രിക് ഇഫക്ട് കണ്ടെത്തി.
മാക്സ് പ്ലാങ്ക്...പ്രകാശത്തിന്റെ ക്വാണ്ടം സിദ്ധാന്തം അവതരിപ്പിച്ചു.
ആൽബർട്ട് ഐൻസ്റ്റീൻ...ക്വാണ്ടം സിദ്ധാന്തം ഉപയോഗിച്ച് ഫോട്ടോ ഇലക്ട്രിക് ഇഫക്ട് വിശദീകരിച്ചു.
സി.വി.രാമൻ.... മഹാനായ ഇന്ത്യൻ ശാസ്ത്രജ്ഞൻ. രാമൻഇഫക്ട് കണ്ടെത്തി.
ഡോ.ഇ.സി.ജി. സുദർശൻ....പ്രകാശത്തേക്കാൾ വേഗത്തിൽ സഞ്ചരിക്കുന്ന കണങ്ങളെപ്പറ്റി പഠനം നടത്തി.

# ഹൃദയത്തിനവിടെ സുഖം തന്നെയല്ലയോ...

തിരികെ തരില്ല
നിൻ കരിവളപ്പൊട്ടുകൾ
തൂവിയ കരിമഷി
ചാന്തും കളഭവും ,
പകരമായന്നു
നിനക്കുഞാനേകിയ
ഹൃദയത്തിനവിടെ
സുഖം തന്നെയല്ലയോ .........

–ആദർശ്





# തേനീച്ച കൊട്ടാരം

മാവിൻ കൊമ്പിൽ
ചാഞ്ചാടുന്നൊരു കൊട്ടാരം
നൂറുകണക്കിനു ജോലിക്കാരിവർ
കെട്ടിയൊരുക്കിയ കൊട്ടാരം
പൂന്തേനൊത്തിരി സൂക്ഷിക്കുന്നൊരു കൊട്ടാരം
നല്ലൊരു മധുരകൊട്ടാരം

by
Drisya.m

# അലൻ ട്യൂറിഗ്

ആധുനിക കമ്പ്യൂട്ടർ ശാസ്ത്രത്തിന്റെ പിതാവായി അറിയപെടുന്ന ആംഗലേയ ഗണിത ശാസ്ത്രജ്ഞനാണ് അലൻ ട്യൂറിംഗ്. ഒരു ബ്രിട്ടീഷ് ഗണിത ശാസ്ത്രജ്ഞനായിരുന്നു. രഹസ്യ ഭാഷയിലുള്ള സന്ദേശം ചോർത്താനായി ക്രിപ്റ്റോഗ്രഫി സംവിധാനങ്ങൾ വികസിപ്പിച്ചു. അൽഗൊരിതം എന്ന ആശയം കൊണ്ടുവന്നത് ട്യൂറിംഗ് ആണ്.
1956 ജൂൺ 7–ന് ഇദ്ദേഹം നിര്യാതനായി.







*By*

*Midhuna*

# മാനത്തെ ചന്ദ്രൻ



*മാനത്തെ ചന്ദ്രൻ*
*മധുരമായ് ചിരിച്ചു*
*മണ്ണിലെ ഞാനോ*
*മതിമറന്നു കൊതിച്ചു*
*മാന്ത്രിക കുതിരയിൽ*
*മണി മാലയണിയുവാൻ*
*മനസിലെ ജാലകം*
*മറയ്ക്കാതിരുന്നു*
*മണിയൊച്ചയില്ലാത്ത*
*മായകുതിരയിൽ മറുകര തിരഞ്ഞു*
*മറയുന്നു ചന്ദ്രൻ*
*മനസേ നീയിനി*
*മറക്കാൻ പഠിക്കൂ*
*മാനത്തെ സത്യവും മിഥ്യയെന്നു കരുതൂ.*

*മിഥുന . ജെ*
*9 G*

# വികസനം പാഴാകുമ്പോൾ

പെട്ടെന്നായിരുന്നു ആ വാർത്ത നാടാകെ പരന്നത്. ഉത്തമന്റെ വീടിനുമുന്നിൽ ഒരാൾക്കൂട്ടം തടിച്ചുകൂടിയിരിക്കുന്നു.ഏകദേശംആറുവർഷത്തിനുമുമ്പാണ്ഉത്തമന്റെ വീടിനുമുന്നിൽ ഇതുപോലൊരാൾക്കൂട്ടം കണ്ടിട്ടുള്ളത്. അത് അയാളുടെ മകൻ പ്രമോദിന്റെ മരണദിവസമായിരുന്നു. ഭാവിയിൽ തനിക്കും കുടുംബത്തിനും താങ്ങും തണലുമാകേണ്ട മകന്റെ മരണം അയാളുടെ എല്ലാ സ്വപ്നങ്ങളെയും ഇല്ലാതാക്കി. അന്നീ ഭൂനിവാസം തന്നെ മടുത്തുകാണണം ഉത്തമന്, എന്നിട്ടും ആത്മവിശ്വാസം കൈവിടാതെ അയാൾ ജീവിക്കുന്നത് തന്റെ മകൾക്കുവേണ്ടിയാണ്. തന്റെ മകളെ പഠിപ്പിച്ച് വലിയനിലയിലെത്തിക്കണമെന്ന ഒരൊറ്റ ലക്ഷ്യമേ അന്നുമുതൽ അയാൾക്കുണ്ടായിരുന്നുള്ളൂ.



ഇന്നിപ്പോൾ ഉത്തമൻ വീണ്ടും ദുഃഖത്തിനിരയാവുകയാണ്. തന്റെ രണ്ടു സെന്റിലുള്ള കുടിലിന്റെ ഭാഗങ്ങൾ അളക്കുന്ന സർക്കാരുദ്യോഗസ്ഥരെ നോക്കി ഉത്തമൻ വിരഹം വിഴുങ്ങി. അപ്പോഴാണ് ഉത്തമന്റെ വീടിനുമുന്നിൽ കാറിൽ വന്നിറങ്ങിയ പഞ്ചായത്ത്മെമ്പർ സുഗുണനിലേക്ക് ജനങ്ങളുടെ ശ്രദ്ധ തിരിഞ്ഞത്. ആൾക്കൂട്ടത്തിനിടയിൽ നിന്ന് ദിവാകരൻ കടന്നുവന്ന് മെമ്പറോട് ചോദിച്ചു: എന്താ സുഗുണാ ഇവിടെ സംഭവിക്കുന്നത്? ബാങ്കീന്ന് ജപ്തിയോ മറ്റോ....... ദിവാകരൻ ചോദിച്ചുതീരുംമുമ്പേ സുഗുണൻ ഉത്തരം മുഴക്കി. 'നഗരവൽക്കരണം', നമ്മുടെ നാട്ടിലും വികസനം ഉണ്ടാകാൻ പോകുവാ, ഇവിടെ ഒരുനാലുവരിപാത നിർമിക്കാൻ സർക്കാരിൽ നിന്ന് ഓർഡർ വന്നിട്ടുണ്ട്. പാതനിർമിക്കാൻ ആവശ്യമായ ഭാഗങ്ങൾ അളക്കാൻ സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥരാണിവർ സുഗുണന്റെ സ്വരം ജനക്കൂട്ടത്തെ മൊത്തത്തിൽ നടുക്കികളഞ്ഞു. ഉത്തരവാദിത്വമുള്ള ഓരോ വ്യക്തിയുടെയും ഉള്ളിൽ പൊട്ടിമുളക്കുന്ന ഒരാഗ്രഹമാണ് സ്വന്തമായി വീട് നിർമിക്കുക എന്നതും തന്റെ മരണം വരെ അത് നിലനിർത്തുക എന്നതും.

ജീവിതകാലയളവിൽ തങ്ങൾ പാഴാക്കിയ അധ്വാനത്തിന്റെ ഫലമായി നിർമിച്ച വീടുകൾ ഈ വികസനത്തിന്റെ പേരിൽ നശിപ്പിക്കപ്പെടുന്നതിന്റെ ആവലാതി അവിടെ കൂടിയിരുന്ന ഓരോ മുഖങ്ങളിലും പ്രത്യക്ഷമായി. സർക്കാരിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കുമെന്ന ആശ്വാസവാക്കുകൾ സുഗ്ഗുണൻ നൽകിയെങ്കിലും വീടിന്റെ യഥാർത്ഥവില ലഭിക്കില്ലെന്ന് അവർ ചിന്തിച്ചുകാണണം, അതുകൊണ്ടായിരിക്കാം അവരുടെ ഭാവത്തിൽ മാറ്റമൊന്നുമുണ്ടാകാതിരുന്നത്. ഉദ്യോഗസ്ഥരോട് സ്ഥിതിവിവരങ്ങൾ അന്വേഷിച്ചശേഷം സുഗ്ഗുണൻ മടങ്ങി.



ലോകത്ത് വിഷമങ്ങളെ രുചിച്ചുനോക്കാത്തമനുഷ്യനുണ്ടോ? അന്നാട്ടിലെ ഓരോരുത്തർക്കും ഉണ്ടാകും ഉത്തമന്റേതുപോലെ മനസ്സിനെ വേദനയണിയിക്കുന്ന ഒരനുഭവം. അതൊക്കെ ഈ മേലേത്തട്ടിലുള്ളവർക്ക് അറിയണോ? ഇന്ന് വികസനത്തിന്റെ കാര്യത്തിൽ ഇന്ത്യാമഹാരാജ്യം നേരിടുന്ന വെല്ലുവിളികളിൽ പ്രധാനപ്പെട്ടതാണ് ദാരിദ്ര്യം(Poverty). Planning commision-നു വേണ്ടി Rangarajan panal തയാറാക്കിയ കണക്കുപ്രകാരം ഇന്ത്യയിൽ 2011-12 വർഷങ്ങളിൽ 29.5% ആളുകൾ ദരിദ്രരാണ്. പിന്നീടങ്ങോട്ട് ഈ അളവ് കൂടുകയല്ലാതെ കുറഞ്ഞിട്ടില്ല. ഇന്ത്യ ഇപ്പോഴും ഒരു വികസിത രാജ്യമായിത്തീരാത്തതിൽ ദാരിദ്ര്യത്തിന് പ്രധാന പങ്കുണ്ട്. ഇത്തരത്തിൽ രാജ്യത്തിന്റെ വികസനത്തിനായി ഗ്രാമങ്ങളെ നഗരവൽക്കരിക്കുമ്പോൾ ഉത്തമനെ പോലുള്ള ഒരുപാടുപേർ ദാരിദ്ര്യരേഖക്ക് താഴെ(Below poverty level)യാകുന്നു. വീട് നിർമിക്കാൻ തങ്ങൾ ചിലവഴിച്ചതിൽ നിന്ന് കുറഞ്ഞ വിലയേ സർക്കാരിൽ നിന്ന് നഷ്ടപരിഹാരമായി ലഭിക്കുകയുള്ളൂ. അതു കൊണ്ട് അവർക്ക് ഒരുപാട് നഷ്ടങ്ങൾ ഉണ്ടാകും. ഇതിനെ തുടർന്ന് പലരും ദരിദ്രരാകുന്നു. ഇത്തരത്തിലായാൽ ദാരിദ്രത്തിന് എന്നാണ് ഒരന്ത്യ മുണ്ടാവുക.....? എന്നാണ് ഇന്ത്യ വികസിതരാജ്യങ്ങളുടെ പട്ടികയിൽ സ്ഥാനം നേടുക.......?

മുഹമ്മദ് ഹനീഫ.എസ് *IX-H*

# കാലവും കോലവും

എഴുത്തോലയിൽ കുറിച്ചിട്ട
വരികൾ,ലാപ്ടോപ്പിൽ
ഒതുക്കുന്നു ഫാഷൻ.
കാറ്റുകുലുക്കിയ മാമ്പഴക്കിനാവുകൾ
ഫ്രൂട്ടിയിൽ നുകർന്നുകൊ –
ണ്ടാകാശ നീലിമയിൽ
പട്ടം പറത്തിയ ഓർമ്മകൾ.
ഹെലികോപ്റ്ററിൽ
നാടുകയറുന്ന ജനറേഷൻ.
'അമ്മ'യെന്ന രണ്ടക്ഷരപ്പൂക്കളെ
ഹീൽ ചുവടുകളാൽ ചവിട്ടിയരക്കുന്ന
'മമ്മി'യുടെ സൗരഭ്യം.
മൺകുടത്തിൽ ഒളിപ്പിച്ച കുളിർമ്മ
ഫ്രിഡ്ജിൻ ഉള്ളറ
തേടുന്നു പുതുമ.
'പ്രഭാത വന്ദനം'  ചൊല്ലുമൊരുമ
'ഗുഡ്മോണിങ്ങിൽ' അവസാനിക്കുന്ന മഹിമ.
നിലാവിൻ പാതി മറഞ്ഞ കാലം
തലമുറകൾ തലവര
എഴുതിയ കോലം

–നഹാസ്


# ദൈവത്തിന്റെ ആശ്രയം

എന്റെ ദൈവമേ... എന്റെ ദൈവമേ
എന്നിലേക്ക് വന്നീടേണമേ.
ഞാൻ ഇരിക്കും വീഥിയിൽ വന്നീടേണമേ
എന്റെ ദൈവമേ... എന്റെ ദൈവമേ...

ജോലിചെയ്യുവോളം കൂടെയായിരിക്കണേ
ഏതു ജോലിചെയ്യുവാനും ശക്തിനൽകണേ
ജോലിയിൽ വിശുദ്ധിയിൽശ്രദ്ധായേകണേ
ജോലിയിൽ ഒരുമയോടെ വാണീടേണമേ
എന്റെ ദൈവമേ... എന്റെ ദൈവമേ...

ശരീരത്തെകൊല്ലുന്ന ദുശ്ശീലങ്ങൾ
മനസ്സിനെ തകർക്കുന്നലഹരിവസ്തുക്കൾ
കുടുംബം തകർക്കുന്ന മദ്യപാനങ്ങൾ
സ്വയംരക്ഷ നേടൂ സോദരേ
എന്റെ ദൈവമേ... എന്റെ ദൈവമേ...

# മഹത് വ്യക്തികളും വചനങ്ങളും



എബ്രഹാം ലിങ്കൺ – സൗഹൃദമാണ് നിങ്ങളുടെ ഏറ്റവും വലിയ ദൗർബല്യമെങ്കിൽ നിങ്ങളാണ് ലോകത്തിലെ
ഏറ്റവും വലിയ ശക്തൻ



സ്റ്റീഫൻ ഹോക്കിങ്സ് – എന്ത് നഷ്ടപ്പെടുത്തി എന്നതിലല്ല, എന്ത് ബാക്കിയുണ്ട് എന്നതിലാണ് കാര്യം.



അബ്ദുൾ കലാം – സ്വപ്നം കാണുക ആ സ്വപ്നങ്ങളെക്കുറിച്ച് ചിന്തിക്കുക, ആ ചിന്തകളെ പ്രവൃത്തിയിലൂടെ സഫലമാക്കുക.



മലാല – ഒരു കുട്ടി, ഒരു അദ്ധ്യാപിക,ഒരു പുസ്തകം, പിന്നെയൊരു പെണ്ണ് ഇവയ്ക്ക് ഈ ലോകം മാറ്റിമറിക്കാൻ സാധിക്കും



രവീന്ദ്രനാഥ ടാഗോർ –

എത്രമാത്രം വിനയമുള്ളവനാകുന്നുവോ അത്രമാത്രം നിങ്ങൾ വലിയവനാവുന്നു.



ഹെൻറി ഫോർഡ് – പരാജയമെന്നത് നിങ്ങൾക്ക് കൂടുതൽ കരുത്തോടെ തിരിച്ചുവരാനുള്ള അവസരമാണ്.



മാർട്ടിൻ ലൂഥർകിംഗ് – നിങ്ങൾക്ക് പറക്കാൻ കഴിയില്ലെങ്കിൽ ഓടുക, ഓടാൻ കഴിഞ്ഞില്ലെങ്കിൽ നടക്കുക, നടക്കാൻ കഴിഞ്ഞിലെങ്കിൽ ഇഴയുക, പക്ഷെ ചെയ്യുന്നതെന്തായാലും മുമ്പോട്ട് തന്നെ നീങ്ങുക.



ഗാന്ധിജി– സമുദ്രജലത്തിലെ ഏതാനും തുള്ളികൾ മലിനമായാൽ സമുദ്രം മുഴുവൻ മലിനമാകില്ല.. മനുഷ്യനും മനുഷ്യവംശവും അതുപോലെയാണ്.



സ്വാമിവിവേകാനന്ദൻ – ഉണരുക, എഴുന്നേൽക്കുക... ലക്ഷ്യം നേടുന്നതുവരെ പ്രയത്നിക്കുക.



*ജോൺ എഫ് കെനഡി – ഉദ്ദേശ്യവും ലക്ഷ്യവുമില്ലാത്ത പരിശ്രമവും ധൈര്യവും അപൂർണമാണ്.*



# അസ്തമയം

ഉദിച്ചു നിന്നുഞാനിക്കാലമത്രയും
നിനച്ചിടാത്തൊരാ ഇരുളിൽ പ്രതീക്ഷയിൽ
നീറിപുകയുകയെങ്കിലും ധരണിക്ക്
ശോഭയേകിയേ  മരണം എനിക്കുള്ളൂ
എന്റെ അസ്തമയം കാത്തിരിക്കുന്നൊരീ
ധരണിയോടായി പറഞ്ഞുകൊള്ളട്ടെ ഞാൻ
കൊതിക്കരുതെന്റെ അസ്തമയമിന്നു നീ
നീറുമെങ്കിലും കീഴടങ്ങീടാതെ
സഹനത്തിനുറവിടം ഞാൻ തന്നെയാകട്ടെ
വസുന്ധരേ ഒരുപിടി മണ്ണിലേക്കല്ല
വിണ്ണിന്റെ മാറിൽ കുതിച്ചുയർന്നീടാനായ്
ഈ ജന്മം പൂർത്തിയാക്കീടണം
നിന്നിലലിയുന്നതിനായി ഇനിയും കാത്തിരിക്കുക
പുത്തൻ അസ്തമയമായ് ഞാൻ വരും വരെ.

അമൃത സുരേഷ്
*10–E*



# പവർകട്ടിന്റെ വെളിച്ചം

ആദ്യമൊക്കെ പുസ്തകങ്ങൾ എന്റെ ശത്രുവായിരുന്നു.ടി.വി മിത്രവും.അവധിദിവസങ്ങളിൽ ടി.വി തന്നെയാണ് എന്റെ ലോകം. പിന്നീട് ഒരു ദിനചര്യപോലെ 'പവർകട്ട്' കടന്നുവന്നു.ആ അരമണിക്കൂർ സമയം റാന്തൽ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ ഞാൻ എന്തെങ്കിലും കുറിക്കും.ലൈബ്രറി പുസ്തകങ്ങളുടെ ഏടുകൾ മറിച്ചുനോക്കും.പിന്നീട് എപ്പോഴോ അതിലേക്ക് കണ്ണുകൊടുത്തു അത് വായിക്കാൻ തുടങ്ങി.റോബിൻസൺക്രൂസോയും,പാത്തുമ്മയുടെ ആടും തുടങ്ങിയ പല കഥകളും കവിതകളും.എല്ലാ പവർകട്ടിലും ഓരോ കഥകൾ വായിക്കാൻ തുടങ്ങി. ആ കഥകളിൽ എന്നെ കൂടുതൽ സ്വാദീനിച്ചത് ബഷീറായിരുന്നു.കുഞ്ഞുണ്ണിമാഷും,വി.കെ എന്നും,തകഴിയും വായനയെ കൂടുതൽ രസമുള്ളതാക്കി.പിന്നെ കുറച്ചൊക്കെ മാത്രഭാഷയോടുള്ള സ്നേഹവും ഇതെല്ലാമാണ് വായനയുടെ ലോകത്തേക്ക് എന്നെ മാടിവിളിച്ചത്.പുസ്തകങ്ങൾ എന്നെ ഒറ്റപ്പെടൽ എന്ന അന്ധതയിൽ നിന്നും വെളിച്ചത്തേക്ക് കൊണ്ടുവന്നു.അതിലെ കഥാപാത്രങ്ങൾ എന്റെ സ്വന്തം സുഹൃത്തുക്കളായി.അങ്ങനെയാണ് എനിക്ക് വായന എന്ന മഹാസത്യം മനസ്സിലായത്.വായന എന്നത് ലോകത്തിലെ അത്ഭുതകരമായ ഒരു പ്രതിഭാസമാണ്.സത്യത്തിൽ ഇതിനെല്ലാം നന്ദിപറയേണ്ടത് പവർകട്ടിനോടല്ലേ?



# ജീവിതം

കാലത്തിന്റെ
സിന്ദൂരക്കുപ്പിയിൽ അവൾ
നിരാശയുടെ കണ്ണീർ നിറച്ചു വച്ചു
കാത്തിരിപ്പിൻനാളുകളെ
കടലാസ്സുതോണിയിൽ കടലിലേക്കടുപ്പിച്ചു
തുറക്കപ്പെട്ട വാതിലുകളേ
വെന്തെരിയുന്ന കനൽക്കട്ടയായ് മുദ്രകുത്തി
വികാരങ്ങൾ പെരുകുന്ന മനസ്സിനെ
ചങ്ങലയ്ക്കിട്ട് ബന്ധിച്ചു
കണ്ണുകൾ തേടുന്നതെല്ലാം
ഇരുട്ടിൽ തുറന്നുവിട്ടു
ജീവിതം പാഴുറ്റചിതലരിച്ച
പുസ്തകം പോലെ
*മണ്ണിൽ ലയിച്ചലിഞ്ഞു.*

# നിനക്കായ്

പ്രണയത്തിന്റെ രാഗങ്ങൾ പൂവിടുന്നു.
കാർമേഘങ്ങൾ ഓരോന്നു നീങ്ങുന്നു.
ആത്മാവിന്റെ ജാലകം തുറക്കുന്നു.
സ്നേഹത്തിന്റെ ദീപങ്ങൾ തെളിയുന്നു.
കാറ്റുകൊണ്ട് ഞാൻ സ്വപ്നം കാണുമ്പോൾ
മോഹങ്ങൾ,സ്നേഹത്തിന്റെ
മുത്തുമാലകോർക്കുന്നു.
ഞാൻ പാട്ടിലലിയുമ്പോൾ രാഗങ്ങൾ
സ്നേഹഗീതം തീർക്കുന്നു




*എന്റെ.......കൂട്ടുകാരി....ഇതുനിനക്കായ്*

# നിലാവ്



വെളിച്ചമില്ലാതെ  ഉറങ്ങിക്കിടന്ന എന്നെ
 നീ വിളിച്ചുണർത്തിയോ നിലാവേ..
എന്റെ മനംനൊന്ത രാത്രികളിൽ
നീ എനിക്ക് കൂട്ടായ് വന്നുവോ..
ഇരുട്ട് മാത്രം സമ്മാനിച്ച എന്റെ രാവുകളിൽ
നീ എനിക്ക് വെളിച്ചം പകർന്നുവോ..
ഇനിയും നീ എനിക്കായ്
 ആകാശത്തിൽ മിന്നിത്തിളങ്ങില്ലേ
നിന്റെ ആ ഭംഗിയുള്ള പ്രകാശത്തെ
ഞാൻ സ്നേഹിക്കുന്നു
നീ പുഞ്ചിരിച്ച് തിളങ്ങുമ്പോൾ
നിന്റെ ആ പ്രകാശം എല്ലാവരും സ്നേഹിക്കുന്നു.
നിന്റെ പ്രകാശത്തിന്റെ അംശത്തിൽ
ഞാൻ മേഘത്തിന്റെ ഭംഗി കാണുന്നു
ഞാൻ എല്ലാ ദിവസത്തിലും നിന്റെ
ആ പുഞ്ചിരി കാണാൻ കൊതിക്കുന്നു

സനിക .എസ്
VIII–G


# മഴയുടെ പേമാരി



**ഇടിമിന്നൽ പേമാരി തൊടുപുഴയുടെ പേമാരി**
**മഴ വന്നാൽ പേമാരി ഇടിയും,വെടിയും**
**തുടിയും ചേർന്നാൽ പേമാരി.....**
**കടിപിടികൂടുന്നപേമാരി**
**എല്ലാം എല്ലാം ചേരുന്ന പേമാരി**
**പേമാരി....................**

Sanjeev.s

*IX.A*




# ഓർമ്മയിൽ സൂക്ഷിക്കാൻ

എന്തൊക്കെയോ എന്നെ വിട്ടുപോകുന്നു
എന്ന് മനസ്സ് മന്ത്രിക്കുന്നു . അതെ എന്റെ
കൂട്ടുകാർ , എൻെറ സ്കൂൾ , അവർ എന്നെ വിട്ട് പിരിയാൻ
പോവുകയാണ് .
മൂന്നു വർഷം ഒരു കുടുംബമായി കഴിഞ്ഞവർ
പരസ്പരം ഇണങ്ങിയും താങ്ങും തണലുമായി നിന്നവർ . എത്ര വട്ടം
വഴക്കിട്ടു എന്നു ഓർമ്മയില്ല . പക്ഷെ ഓരോ തവണ വഴക്കിടുമ്പോഴും
അതിലേറെ ശക്തിയോടെ  ഞങ്ങൾ
ഒന്നു ചേർന്നു .
ക്ലാസ്സിൽ ടീച്ചറില്ലാത്ത സമയത്ത് പി.ടി
ചോദിച്ചതും ,പരീക്ഷക്ക്  തന്നെ മാത്രം മുൻബെഞ്ചിലിരുന്ന്
സുഹൃത്തുൾ ബാക്ക്
 ബെഞ്ചിരുന്ന്  കോപ്പിയടിക്കിന്നത് സഹിക്കാതെ പിണങ്ങിയതും
നഷ്ടങ്ങളായി മനസ്സിൽ മുറിവായി നില്ക്കുന്നു.



# നന്മതൻ പഠനം

അന്ധകാരത്തിൽ നിന്നും
പ്രകാശത്തിലേക്ക്
നമ്മെ കൈപിടിച്ചുയർത്തുന്ന സ്നേഹാമൃതമാണ്
വിദ്യാഭ്യാസം.സ്വർണ്ണമോ വെള്ളിയോ അല്ല ഒരുവൻെറ ഏറ്റവും
വലിയ ധനം . അതിനേക്കാളുപരിയായി വിദ്യാസമ്പത്ത് നമ്മുടെ
ജീവിതത്തെയും നമ്മെ തന്നെയും അതുല്യവും
ഐശ്വര്യപൂർണ്ണവുമാക്കുന്നു. ഒരക്ഷരം പഠിക്കുവാൻ വേണ്ടി
വെമ്പൽ കൊണ്ട് കഴിയുന്ന അനേകം മക്കൾ നമുക്കു ചുറ്റും
വട്ടമിട്ടു പറക്കുന്നു .കൂട്ടിനുള്ളിൽ അകപ്പെട്ട കിളികളെപ്പോലെ
അവ വിദ്യനേടുവാൻ ചിലക്കുന്നുണ്ടെങ്കിലും അവരുടെ
നിലവിളികളെ പലപ്പോഴും സമൂഹം അവഗണിക്കുന്നു. എന്നാൽ
എല്ലാ സൗകര്യങ്ങളും നല്ല അധ്യാപകരും ലഭിച്ച നമ്മൾ
വിദ്യാലയത്തിനുള്ളിൽ നിന്നും വിദ്യയെന്ന ദൈവസ്വരത്തെ
ആട്ടിപ്പുറത്താക്കുന്നു. ആഡംബരവും
സുഖലോലുപതയും കൈപിടിയിലാവുമ്പോൾ
ഓരോ മനുഷ്യമനസ്സിൻെറയും നന്മ മരവിക്കുന്നു. സമാധാനത്തിൽ
നിന്നും അസമാധാനത്തിൻെറ
കരിനിഴലിലേക്ക് യുവാക്കൾ മങ്ങി മറയുന്നു . ഏകാന്തത നിറഞ്ഞ
ജീവിതങ്ങളിൽ നശ്വരമായി
കഴിയുന്ന അനേകം പിഞ്ചുബാല്യങ്ങളെ സമൂഹത്തിൻെറ
മുഖ്യധാരയിലേക്ക് കൊണ്ടെത്തിക്കുവാൻ തുനിയേണ്ടത് നാം
ഓരോരുത്തരുമാണ് . വിദ്യാലയങ്ങളിൽ നിന്നു വിദ്യ നേടുക
എന്നതിനൊപ്പം തന്നെ നല്ല സ്വഭാവങ്ങൾ വളർത്തിയെടുക്കുക
എന്നതു കൂടെയാവണം നമ്മുടെ ലക്ഷ്യം .




# പാഠ്യാലയം

*എൻ പാഠ്യാലയത്തിൽ നന്മ*
*ഞാൻ*
*ആരോടുചൊൽവാൻ*
*മന്ദം മന്ദം പിച്ചവെയ്പൂ*
*അക്ഷരങ്ങൾ വളർന്ന് വാചകത്തിലെത്തും*
*ചായങ്ങൾ പൂശുമീ പുസ്തകതാളിൽ*
*പല നാളായി ഞാൻ വരച്ചുപൂശി*
*കളിച്ചു രസിച്ചു*
*പുതുവർഷത്തിൽ പുതുപാഠങ്ങൾ*
*ആഗ്രഹിച്ചു പോന്നു ഒരു നിമിഷം അനുഭവങ്ങൾ തുടരുവാൻ*
*എന്നാൽ*
*ഞാൻ അറിയുന്നില്ലല്ലോ.എൻ*
*അധ്യയവർഷത്തിൽ അവസാനം*
*കളിച്ചു രസിച്ച  ആ കാലം എന്നോടു*
*വിട ചൊൽവൂ ഞാൻ തകർന്നുപോയതേതു വിധത്തിലാണെന്നെൻ*
*മനസ്സിനെ*
*പറഞ്ഞു പഠിപ്പിച്ചു.*

# ദാരിദ്ര്യവും ഇന്നത്തെ സമൂഹവും

*ഇന്ന് നാം നയിക്കുന്നത് വളരെ ആർഭാടം നിറഞ്ഞ ഒരു ജീവിതമാണ്.നമ്മളിൽ പലർക്കും ഇന്ന് ദാരിദ്ര്യം എന്താണെന്ന് അറിയില്ല.ഇന്ന് നാം കാട്ടുന്ന ഈ ആർഭാടത്തിനിടയിൽ വെന്തു പോവുന്ന ചില മനുഷ്യരുണ്ട്.നമ്മളിൽ പലർക്കും ഇന്ന് പട്ടിണി എന്താണെന്ന് അറിയില്ല.എന്നാൽ നാം ഒന്ന് മനസ്സിലാക്കുക,പട്ടിണിയും,ദാരിദ്ര്യവും നിറഞ്ഞ ഒരു കൂട്ടം മനുഷ്യർ നമ്മൾക്കിടയിൽ ഉണ്ട്.മുതിർന്നവർ മുതൽ കുട്ടികൾ വരെ പട്ടിണിയും ദാരിദ്ര്യവും അനുഭവിക്കുന്നുണ്ട്.അവരെ നമ്മൾ അകറ്റി നിർത്താതെ നമ്മളെ കൊണ്ട് കഴിയുന്ന കൊച്ചു കൊച്ചു സഹായങ്ങൾ ചെയ്തുകൊടുക്കുക.വിശപ്പു സഹിക്കാതെ മോഷ്ടിക്കുന്നവനെയല്ല നമ്മൾ കൊല്ലേണ്ടത്,അവർക്ക് ഭക്ഷണവും മറ്റും വാങ്ങിച്ചു കൊടുക്കുകയാണ് വേണ്ടത്.ദാരിദ്രവും പട്ടിണിയും ഇല്ലാത്ത സമൂഹമാണ് നമുക്ക് ആവശ്യം,അല്ലാതെ ദാരിദ്ര്യം എന്നും ആർഭാടം എന്നും രണ്ടായി തിരിച്ച സമൂഹത്തെയല്ല....*



# ഹൃദയ രഹസ്യം

നിന്നോട് പറയാനിരുന്നോരെൻ
ഹൃദയ രഹസ്യങ്ങളത്രയും
പുഴയൊഴുക്കിലോളങ്ങളായി
ദൂരെയ്ക്കകന്നുപോയ് സഖി
മനസ്സിനെ കടകോലാക്കിയവയെ
കടഞ്ഞെടുക്കാനായ് പാഴ്ശ്രമം
ചെയ്യുന്നേരമെനിക്കാരോ നീട്ടി
കയ്ക്കും സ്വാർത്ഥത്തിൽ
ചായ്ക്കോപ്പ
സൗഹൃദങ്ങളൊക്കെയുമിന്നു
യാന്ത്രികബിംബങ്ങൾ
വെറും മുഖങ്ങളായ്
മുഖം മൂടികളായ്,ചുറ്റും
*അട്ടഹസിക്കുന്നു.*



# അമ്മ



ഒരു നറുതേൻ പോലെ
എൻ ഹൃദയത്തിൻ മധുരമായ്
കിനിഞ്ഞിറങ്ങിയതാം രണ്ടക്ഷരം'അമ്മ'
ഒരു കുഞ്ഞു പൈതലിൻ നൈർമ്മല്യവും
സ്പതസാഗരത്തിൻ ആഴവുമായ്
പാരിലാകവെ പരിലസിക്കുന്നിതാ
പാവന പൂരിതമാം ആദ്യാക്ഷരം
എൻ ചിത്തരാതിലെ പൂജാമുറിയിൽ
ഒളിവിടരുന്നൊരു ഈശ്വര ചൈതന്യമാണമ്മ
അറിവിന്റെ നിറകുടമാണമ്മ
പ്രത്യക്ഷ ഈശ്വര സാന്നിദ്ധ്യമാണമ്മ
നമിക്കുന്നിതമ്മേ നിൻ തൃപ്പാദത്തിൽ
നമിക്കുന്നു...... സ്മരിക്കാൻ......

---










SALEEMA

